# കളരി

പത്രാധിപർ:
എ. വി. എസ്സ്. പണിക്കർ

| പുസ്തകം 1 | 1954 ജൂലായി | ലക്കം 2 |
|---|---|---|

# കല്യാണപന്തലിലെ ചെകിടത്തടി

(മഹാകവി വള്ളത്തോൾ)

ഉറച്ചു ലോഭാൽ താതൻ
 പുത്രിയെ വൃദ്ധനേകാൻ
കുറിച്ചു മുഹൂർത്തമാ കുറിടിസ്സ
 ഞ്ചിക്കാരൻ

ദൂരപക്രമമിതുവാ
 നവർ കാണാഞ്ഞാനോ
പുരതൻമുററത്തൊരു
 പന്തലും തിക്കപ്പെട്ടു!

പന്തലിലൊരു വൃത്താകാര
 മണ്ഡപം; മതിൽ
സിന്ദൂരത്തിലകമായ്
 വിളങ്ങീ ബഹുഭംഗ്യാ

അഷ്ടമംഗലദീപമാലി
 കാദികൾവെച്ചു
പ്പെട്ടമണ്ഡപത്തിൻെറ
 വലത്തുമിടത്തുമായ്

മെത്തപ്പായ്‌വിരിച്ചതിലി
 രുത്താൻ ക്ഷണിക്കപ്പെ
ട്ടെത്തിയ പുമാന്മാരും
 സ്ത്രീകളും യഥായോഗ്യം

പില്ലാടങ്ങുപാനീതയാ
 യകന്യയിൽനിന്നു—
പുഷ്പമംഗളമാല്യം
 കണ്ഠത്താൽ ഗ്രഹിപ്പാനായ്

ഇമ്പമോടവളുടെ യൌവനശ്രീതൻമുമ്പിൽ
കമ്പിട്ടുനിന്നാൻ ഷഷ്ടിപൂർത്തിയെത്തിയ വരൻ
പൊന്തില്ലിധനികൻെറ നരച്ചതലമേലീ-
യംഗജ ജ്വലിതനും ലജ്ജയുണ്ടാകാമെങ്കിൽ

മററൊരുതോളത്തല്ലോ—മണ്ഡപപാർശ്വ
 [ത്തിലൊ
രററത്തുകാണപ്പെട്ട യുവാവിൻതോളത്തല്ലോ
പതിഞ്ഞു വരണസ്രക്കതിൻെറധൈര്യംകണ്ടു
മുദിതർചെറുപ്പക്കാർ കൈകൊട്ടിയാർക്കും
 [മാറായ്

സ്വമനോരഥങ്ങളാൽ കോർത്തമാലികയിവ
ളമലപ്രണയനാമാരിലോ ചാർത്തിമുന്നേ
അവനിൽതന്നേചേർന്നിതിവൾതൻപൂമാലയും;
വിവരമറിയാത്ത സഭ്യരത്ഭുതപ്പെട്ടു

പന്തലിലൊരേടത്തു നിന്നുടൻരണ്ടീരടി
പൊങ്ങിയാവൃദ്ധാഢ്യനു ചെകിടത്തടിയായി
"സ്നേഹിക്കവേണ്ടാതാങ്കൾസമുദായത്തെപ്രഭോ!
ദ്രോഹിക്കാതിരിക്കുവാൻ ദയയുണ്ടായാൽപോരും

ഇത്തരംസ്ത്രീരത്നത്തെ വാങ്ങുവാൻമതിയാമോ
ലുബ്ധനാംഭവാൻനേടിക്കൂട്ടിയപൊൽക്കു
 [മ്പാരം—?—"

# പത്രാധിപക്കുറിപ്പ്

"കളരിക്കുറുപ്പ് പണിക്കർ സംഘം" നാളിതുവരെ തങ്ങളുടെ സമുദായത്തിന്നു വന്നുചേർന്നിരിക്കുന്ന നാനാവിധ അവശതകളെ പരാമർശിച്ച് ബഹു: തിരു-കൊച്ചി ഗവമ്മേണ്ടുമുമ്പാകെ ഏറെക്കുറെ മെമ്മോറാണ്ടങ്ങൾ നിവേദനം ചെയ്യുകയുണ്ടായല്ലോ. ഇതിനുള്ള മറുപടിയുടെ "നാന്ദി" എന്നു ഊഹിക്കമാറ് പേരിന്നു മാത്രം അല്പസ്വല്പം ആനുകൂല്യങ്ങൾ ഗവമ്മേണ്ട് പ്രസ്തുത സമുദായത്തിന്നു അനുവദിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ കാര്യമായ ഒരു അഭ്യുന്നതിയ്ക്കും ഇതിൽ വകകാണുന്നില്ല.

പാരമ്പര്യാടിസ്ഥാനത്തെ മുൻനിർത്തി ജ്യോതിഷം വൈദ്യം തുടങ്ങിയ ശാസ്ത്രീയ വിദ്യാഭ്യാസതുറകളിൽകൂടിയാണ് ഈ സമുദായത്തിൽ ഭൂരിഭാഗവും വളരെ കാലമായി ജീവിച്ചുപോരുന്നത്. ആധുനികകാലങ്ങളിൽ ഇത്തരം പദ്ധതികൾ പ്രായോഗികമല്ലാത്തതിനാൽ അപ്രധാനങ്ങളായി പരിണമിക്കുകയും ഉള്ള തൊഴിലുകൾക്കുതന്നെ പ്രതിഫലം തുഛമായിരിക്കകൊണ്ടു സാമ്പത്തികാധ:പതനത്തിൽ അടിയുറച്ചുനില്ക്കേണ്ടതായിവരികയും തന്മൂലം നവീന വിദ്യാഭ്യാസ പദ്ധതിയിലേക്ക് രംഗപ്രവേശം ചെയ്യുവാനുള്ള കഴിവുകൂടി നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ബഹു: ഗവമ്മേണ്ട് പരിപൂർണ്ണസൗജന്യവിദ്യാഭ്യാസ മനോഭാവം പ്രകടിപ്പിക്കാത്തപക്ഷം കൂടുതൽ അധ:പതനമല്ലാതെ ഒരുവിധത്തിലുള്ള ഉൽക്കർഷവും പ്രസ്തുത സമുദായത്തിന്നു ഉണ്ടാവുകയില്ലെന്നു തീർത്തുപറയാം.

അവശസമുദായങ്ങൾക്കനുവദിച്ച വിദ്യാഭ്യാസാനുകൂല്യം മാത്രമാണ് ഈ സമുദായത്തിന്നു സിദ്ധിച്ചിട്ടുള്ളത്. ഇതിൽ നിർദ്ധനസർട്ടിഫിക്കററിൻെറ അടിസ്ഥാനത്തിൽ ഫീസ്സിളവു മാത്രം ലഭിക്കുന്നുണ്ട്. സമുദായത്തിൽ ഭൂരിഭാഗം ജനങ്ങളും ഉൾനാട്ടനിവാസികളായതിനാലും സാമ്പത്തികസ്ഥിതി തീരെ മോശമായതുകൊണ്ടും ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങളെ സമീപിച്ച് വിദ്യാഭ്യാസം തുടൎന്നുപോകുവാനുള്ള സാദ്ധ്യത നഷ്ടപ്പെട്ടുവരികയും തന്നിമിത്തം ഇന്നു അനുവദിച്ചുതന്നിട്ടുള്ള ആനുകൂല്യങ്ങൾ ഫലപ്രദമാകത്തക്കവണ്ണം പ്രവർത്തിപ്പാൻ നിവർത്തിയില്ലാതെയും വന്നിരിക്കയാണ്. സാങ്കേതിക വിദ്യാലയങ്ങളടക്കമുള്ള എല്ലാ ഉന്നതവിദ്യാലയകേന്ദ്രങ്ങളിലും ഈ സമുദായത്തിന്നു ഒരുവിധത്തിലുള്ള പ്രാതിനിദ്ധ്യവുമില്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. തന്നെയല്ല ഔദ്യോഗികപരമായി ഈ സമുദായത്തെ ഗവമ്മേണ്ട് ത്യാജ്യകോടിയിൽ തള്ളിയിട്ടിരിക്കുന്നതായി കണക്കാക്കാം. വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടുകൂടി പ്രമുഖസ്ഥാനങ്ങളിലേക്കുള്ള പ്രമോഷനോ പ്രോത്സാഹനമോ കൊടുക്കാതെ പതിനേഴും പതിനെട്ടും ഇരുപത്തിരണ്ടും വൎഷങ്ങളായി ഒരേ ഉദ്യോഗങ്ങളിൽതന്നെ ഗവമ്മേണ്ടുസേവനം ചെയ്തുവരുന്ന അല്പം ചില വ്യക്തികൾ മാത്രമാണ് ഈ സമുദായത്തിലുള്ളത്. ഈ സ്ഥാനത്തോതിൽ തന്നെ ഇരുത്തി പെൻഷൻ കൊടുത്തയക്കുന്ന നയമാണ് ഗവമ്മേണ്ട് സ്വീകരിച്ചിരിക്കുന്നതെങ്കിൽ ആയതു കഷ്ടതരമാണെന്നെ പറയേണ്ടതുള്ളു.

കേന്ദ്രഗവമ്മേണ്ടിൽനിന്നുമുള്ള Backward Classes Commission (പിന്നോക്ക സമുദായ കമ്മീഷൻ) ൻെറ തൃശ്ശൂർ പൎയ്യടനത്തിൽ കളരിക്കുറുപ്പ് (പണിക്കർ) സംഘം പ്രതിനിധികൾ തങ്ങളുടെ സാമുദായിക അവശതാപരിഹാരാർത്ഥമായുള്ള ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നതിന്നു നാളിതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ല. കഴിഞ്ഞ ലക്കത്തിലും ഈ ലക്കത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്തുത മെമ്മോറാണ്ടത്തിൽനിന്നും ഈ സമുദായത്തിൻെറ, ക്ഷയോന്മുഖമായ പരിതസ്ഥിതിയെപ്പററി ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്.

ആയതുകൊണ്ടു ബഹു: ഇന്ത്യാഗവമ്മേണ്ടും; തിരു-കൊച്ചി ഗവമ്മേണ്ടും നാനാവിധ അവശതയനുഭവിച്ചുവരുന്ന ഈ അവശസമുദായത്തെ ഉദ്ധരിപ്പാനായി പട്ടികജാതിക്കാൎക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ ഒരു നിശ്ചിത കാലത്തെക്കെങ്കിലും ഈ സമുദായത്തിന്നു നൽകി സമാശ്വസിപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു.



# പൂവും കവിയും

(ഗോപാലകൃഷ്ണൻ കോലഴി)

തൂമലർക്കാവിൽ പുതു
പുഞ്ചിരിതൂകും പൂവേ,
നാളെനീ കൊഴിയേണ്ടോ-
ളീമണ്ണിലടിയേണ്ടോളം
നിന്നെയും പ്രതീക്ഷിച്ചാ-
ണാമൃത്യുവിരിപ്പതീ
മന്നിൽ നീയോർക്കുന്നില്ലേ
യിക്കഥയെല്ലാംതന്നെ?
അകലെക്കൊഴിയുന്ന—
പൂക്കളെനോക്കിക്കണ്ണു
രുതിരും നയനങ്ങൾ
തുടപ്പൂ പ്രകൃതിയാൾ
വാസനത്തൈലത്തിന്റെ
സുഗന്ധപ്രസരത്താൽ-
വസന്തോത്സവംപോലെ
നീങ്ങുമശ്ശലഭങ്ങൾ
നിൻനേരെച്ചിരിക്കുന്ന
ചുണ്ടുമായടുക്കുമ്പോൾ
നീയെന്തേ നടുങ്ങുന്നു
തൊരുചുംബനമേകൂ
മായികമാണീലോകം;
നിന്റെയീസൌന്ദര്യവും;
മാരിവില്ലുപോലൊന്നു
തെളിയും; മങ്ങും പിന്നെ

ഇരുളിൽ ശവപ്പെട്ടി
യേന്തിയ പ്രകൃതിയാ-
ളിരവിൻശ്മശാനത്തി
ലെത്തുവാൻ തുടങ്ങുമ്പോൾ
കണ്ണീരൊഴുക്കാതെ
പുഞ്ചിരിച്ചീടും പൂവേ
നിൻഗതിയിതുതന്നെ;
നീയിതുമറന്നാലോ?
അഗ്നിപർവ്വതമത്രേ
പൊട്ടുവാൻ തുടങ്ങുന്നു
തഗ്നിപർവ്വതം പൂവേ;
ദൂരെക്കു കണ്ണോടിക്കൂ!
കവിയുണ്ടൊരാൾമാത്രം
നിന്നെയോർത്തുരുകുന്നു-
കരളാലെന്നും കേഴാൻ
കണ്ണീരൊഴുക്കുവാൻ
വിശാലസൌന്ദര്യത്തിന്റെ
വൈജയന്തികേ; ലോകം -
വിശ്രമിക്കുവാനല്ല-
കർത്തവ്യം നിറവേററാൻ!
തൂമലർക്കാവിൽ പുതു
പുഞ്ചിരിതൂകും പൂവേ
നാളെനീ കൊഴിയേണ്ടോ.
ളീമണ്ണിലടിയേണ്ടോളം

(പകർപ്പവകാശം)

'ഗ്രാമീണൻ'
(പ്രതിമാസപത്രിക)
പത്രാധിപർ
വഹീഡ് അരിമ്പൂർ.

കർക്കിടകം 5-ാംനു വീണ്ടും പ്രസിദ്ധീകരിക്കുന്നു.
തലയെടുപ്പുള്ള സാഹിത്യകാരന്മാർ
ഓരോ ലക്കത്തിലും എഴുതുന്നു.
ഒററപ്രതി 0-2-0
(ഏജൻസികൾക്ക് പ്രത്യേകാനുകൂല്യങ്ങൾ.)
മാനേജർ
ഗ്രാമീണൻ, കണ്ടശ്ശാങ്കടവ്

# മലയാളനിഘണ്ടുവും ഉത്തരകേരളത്തിലെ ഭാഷാശൈലിയും.

ശൂരനാട്ട കുഞ്ഞൻപിള്ള

പുതുതായി ഉണ്ടാക്കുന്ന മലയാളനിഘണ്ടുവിൽ സാഹിത്യത്തിലും സംഭാഷണത്തിലും പ്രചാരമുള്ളതും പ്രചാരമുണ്ടായിരുന്നതുമായ എല്ലാ പദങ്ങളും പ്രയോഗങ്ങളും കൊടുക്കണമെന്നാണ ലക്ഷ്യമാക്കിയിട്ടുള്ളത്. ഇതിലേയ്ക്ക് പ്രസിദ്ധീകരിച്ചിട്ടുള്ളവയും അല്ലാത്തവയുമായ ഗ്രന്ഥങ്ങൾ പഠിക്കുന്നതിന്ന വേണ്ട ഏർപ്പാട ചെയ്തിട്ടുണ്ട്. പഴയതും പുതിയതുമായ ഗ്രന്ഥങ്ങളിലെ പദങ്ങളും പ്രയോഗങ്ങളും ശ്രദ്ധാപൂർവ്വം പഠിച്ചുവരുന്നു. സംഭാഷണഭാഷയിലുള്ള പദങ്ങളും ശൈലികളും ശേഖരിക്കുന്നതു കൂടുതൽ പ്രയാസമുള്ള ഒരു കൃത്യമാണ്. എന്നാൽ അതിന്ന പ്രാധാന്യം ഒട്ടും കുറവല്ല. ഇതുവരെ കേരളത്തിന്റെ നാനാഭാഗങ്ങളിലുള്ള സംഭാഷണം വേണ്ടപോലെ പഠിക്കാൻ ആരും യത്നിച്ചിട്ടില്ല. ഈ വസ്തുതകളെ വേണ്ടപോലെ പരിഗണിച്ച് പ്രാദേശികശൈലികൾ ശേഖരിക്കുന്നതിന്ന ഞാൻ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമുള്ള ഭാഷാഭിമാനികളോട്ട പ്രത്യേകം പ്രത്യേകം അഭ്യർത്ഥന ചെയ്തിട്ടുണ്ട്. തിരു:കൊച്ചി വിദ്യാഭ്യാസഡയറക്ടർ അദ്ധ്യാപകരോട്ട ഒരഭ്യർത്ഥന നടത്തുകയും ചെയ്തിട്ടുണ്ട്. തിരു:കൊച്ചിയുടെ പല ഭാഗങ്ങളിൽനിന്നും ഇതിനകം അനേകം ഭാഷാഭക്തന്മാർ പ്രാദേശികപദങ്ങൾ തുടരെ അയച്ചുതന്നുകൊണ്ടിരിക്കുന്നു. ഈ സഹായം നിഘണ്ടു പൂർത്തിയാകുന്നതുവരെ തുടരേണ്ടിയുമിരിക്കും.

സംഭാഷണഭാഷയെ സംബന്ധിച്ചിടത്തോളം വടക്കേമലയാളത്തിന്റെ സ്ഥിതി ഒന്നു പ്രത്യേകമാണല്ലൊ. ആ സ്ഥലങ്ങളിൽ പലേടത്തും പ്രചാരമുള്ള അനേകായിരം പദങ്ങൾ തെക്കുള്ളവക്ക പരിചിതങ്ങളല്ല. അവയിൽ അധികവും ഗ്രന്ഥഭാഷയിൽ കടന്നുകൂടിയിട്ടുമില്ല. എങ്കിലും മലയാളത്തിന്റെ ജീവനും ഓജസ്സും ഉൾക്കൊള്ളുന്ന അത്തരം പദങ്ങളും ശൈലികളും പ്രയാസപ്പെട്ടും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളും ഉപയോഗിക്കുന്ന ഭാഷാശൈലികളും എല്ലാ പ്രദേശങ്ങളിലും പ്രചരിക്കുന്ന പ്രയോഗങ്ങളും അന്വേഷിച്ചു കണ്ടുപിടിക്കേണ്ടതു് നിഘണ്ടുസംബന്ധമായ പരിശ്രമത്തിന്റെ പൂർത്തിക്ക് അത്യാവശ്യമാണ്.

ഈ അഭിപ്രായത്തോടെ ഞാൻ വടക്കേമലയാളത്തിൽ ഈ കഴിഞ്ഞയാഴ്ച സഞ്ചരിക്കുകയുണ്ടായി. പ്രതിഭാനിധിയും പണ്ഡിതോത്തംസവുമായ തിരുവനന്തപുരം സംസ്കൃത കോളേജ് പ്രിൻസിപ്പൽ ശ്രീ. എൻ. ഗോപാല പിള്ള അവർകളും ഈ ഭാഷാഗവേഷണ പരിശ്രമത്തെ അനുഗ്രഹിക്കാനായി എന്നോടൊത്തു് യാത്ര ചെയ്തതു് അത്യന്തം പ്രയോജനകരമായി. ഞങ്ങൾ സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം നാട്ടുകാരും ഭാഷാപണ്ഡിതന്മാരും ഞങ്ങളുടെ യത്നത്തിന്ന വേണ്ട സഹായങ്ങൾചെയ്തുതന്നു. തൃശ്ശൂർ, ഗുരുവായൂർ, ഷൊർണ്ണൂർ, പട്ടാമ്പി, മലപ്പുറം, കോഴിക്കോട്ട്, വടകര, തലശ്ശേരി, കണ്ണൂർ, ചിറക്കൽ, വളർപട്ടണം, തളിപ്പറമ്പ് തുടങ്ങിയുള്ള സ്ഥലങ്ങൾ സന്ദർശിച്ച് പ്രാദേശികഭാഷ പഠിക്കാൻ ഞങ്ങൾക്ക കഴിഞ്ഞു. അനേകം പണ്ഡിതന്മാരേയും സഹൃദയന്മാരേയും കണ്ടു സഹകരണം സമ്പാദിക്കാനും സാധിച്ചു.

നിഘണ്ടുവിന്റെ പ്രസാധകസമിതിയിലെ ഒരംഗമായ വളർപട്ടണത്തു് ശ്രീ. എം. നാരായണൻ അവർകൾ കഴിവുള്ള വിധത്തിലെല്ലാം ഞങ്ങളെ സഹായിച്ചു എന്നുള്ളതു് കൃതജ്ഞതയോടെ ഇവിടെ സ്മരിക്കുന്നു. മാതൃഭൂമി, ദേശാഭിമാനി തുടങ്ങിയുള്ള പത്രങ്ങളുടെ പ്രവർത്തകന്മാരും പത്രപ്രതിനിധികളായ അനേകം മാന്യന്മാരും പല അദ്ധ്യാപകന്മാരും ലേഖകന്മാരും നിഘണ്ടുസംബന്ധമായ പരിശ്രമത്തിന്ന കഴിവുള്ള സഹായങ്ങളെല്ലാം ചെയ്യാമെന്നും സമ്മതം ഏററു. മലയാളപത്രങ്ങൾ ഇപ്പോൾതന്നെ ഈ യത്നത്തിന്ന പൂർണ്ണമായ പിന്തുണ നൽകുന്നുണ്ട് എന്നുള്ളതു് കൃതജ്ഞതയോടെ ഞാൻ സ്മരിക്കുന്നു.

വടക്കേമലയാളത്തിൽ പല ഭാഗത്തുമായി പ്രത്യേകം സഹായം ചെയ്യുതരാമെന്ന് ഏററ മാന്യന്മാരുടെ പേരും ഞാൻ ഈയവസരത്തിൽ സ്മരിക്കുന്നു. ശ്രീ. കെ. പി കൃഷ്ണമേനോൻ ബി. എ, എൽ. ററി., തളിപ്പറമ്പ്, ശ്രീ. സി. കെ. കേരളവർമ്മ ബി. എ, എൽ. ററി., ചിറക്കൽ, ശ്രീ. കാമ്പിൽ അനന്തൻ, കണ്ണൂർ, ശ്രീ. മൂർക്കോത്തു ശ്രീനിവാസൻ ബി. എ, എൽ. ററി., തലശ്ശേരി, ശ്രീ. പി. അച്യുതമേനോൻ, ഗുരുവായൂർ, ശ്രീ. വി. എസ്സ്. കേരളീയൻ കോഴിക്കോട്, ശ്രീ. സുകുമാരൻ അഴീക്കോട് മുതലായി അനേകം പേരെ എനിക്ക് ഈയവസരത്തിൽ ഓർമ്മിക്കാനുണ്ട്. ഞാൻ ഇപ്പോൾ പേര് ഓർമ്മിക്കാത്ത എത്രയോ സഹൃദയന്മാരും എനിക്കു സഹായസഹകരണം ചെയ്തിട്ടുണ്ട്. ഇവരോടെല്ലാം എനിക്കുള്ള കൃതജ്ഞത ഞാൻ പ്രകാശിപ്പിച്ചുകൊള്ളുന്നു.

വടക്കേമലയാളത്തിൽ ചെന്നന്വേഷിച്ചപ്പോൾ തെക്കർക്ക് അറിഞ്ഞുകൂടാത്ത എത്രയെത്ര പദങ്ങളും പ്രയോഗങ്ങളുമാണ് അവിടെയുള്ളതെന്ന് മനസ്സിലായി. ഇവയെ എല്ലാം ഇനിയും തേടിപ്പിടിക്കാതെയിരുന്നാലോ? വളരെ കുറച്ചുസമയം മാത്രമേ പദം ശേഖരിക്കാൻ എനിക്കു ലഭിച്ചുള്ളു. എങ്കിലും രണ്ടായിരത്തിൽ കൂടുതൽ പദങ്ങളും പ്രയോഗങ്ങളും ഒരാഴ്ച കൊണ്ടു എനിക്കു ശേഖരിക്കാൻ സാധിച്ചു. ക്ലിപ്തമായ പരിപാടിയനുസരിച്ചു ശ്രമിച്ചാൽ അനേകായിരം പദങ്ങളും പ്രയോഗങ്ങളും ഇനിയും ഇനിയും ശേഖരിക്കാനുണ്ടെന്നും ബോദ്ധ്യമായി എത്രയെത്ര അജ്ഞാത പദങ്ങൾ ഉണ്ടെന്നും, ജ്ഞാതമായ പദങ്ങൾക്കുതന്നെ എത്ര അർത്ഥവ്യത്യാസമുണ്ടെന്നും സാമാന്യമായി മനസ്സിലാക്കിയപ്പോൾ എനിക്ക് അത്ഭുതം തോന്നി. ചാടിക്കളയുക എന്നതിനു എറിഞ്ഞുകളയുക എന്നർത്ഥം. വൈരം കൊടുക്കുക = കരയുക, കീയുക = ഇറങ്ങുക, നിരയണം = ആഗ്രഹം, ഓളി = അങ്ങുന്ന്, കുട്ടൻ = കാളക്കുട്ടി, കടച്ചി=പശുക്കുട്ടി, കുട്ടനാട്=ആണാട്, മുട്ടൻ = ആണാട്, മൊച്ചൻ = കുരങ്ങ്, മൂരുക=കൊയ്യുക, മൂർച്ച=കൊയ്ത്ത്, കൈക്കോട്ട്=മൺവെട്ടി, പൊരിയുക=പിഴുക, മൊരട=മൊന്ത, കുയില്=കരണ്ടി, കാവ്=തോളിൽവച്ചു ഭാരം ചുമക്കാനുള്ള മുളങ്കീറ്, തേങ്ങാ പൊളിക്കുക = തേങ്ങാ പൊതിക്കുക, തുപ്പ്=ചകിരി, തികട്ടിയരക്കുക=അയവെട്ടുക, നടയി=നടവഴി, പറിച്ചുകളഞ്ഞു=നശിപ്പിച്ചുകളഞ്ഞു, വഴിക്കില=പാരമ്പര്യമായി, പാന്തം=ഓലവഴുത, പാള്=കൊതുമ്പ്, കിള = കയ്യാല, കൈതമല = കൈതയുടെ തൂങ്ങിക്കിടക്കുന്ന വേര്, ചെന്തമരി = പൂവരശ്, എറിയൻകിഴങ്ങ് = ഇഞ്ചി; ഇത്തില = കടൽക്കക്ക, ഇച്ച്ളി = കക്കാഎന്നു മുതലായി എത്രയെത്ര പദങ്ങളും പ്രയോഗങ്ങളുമാണ് വടക്കൻനാടുകളിൽ പ്രചരിക്കുന്നത്. പദങ്ങളുടെ രൂപഭേദങ്ങളും പ്രയോഗരീതികളും ഇതുപോലെതന്നെ സാരമായ വ്യത്യാസം അവിടത്തെ സംഭാഷണഭാഷയിലുണ്ട്. ഓരോരോ ജനവിഭാഗത്തിന്റെ ഭാഷാരീതികളും ഇതുപോലെതന്നെ വ്യത്യാസങ്ങൾ കാണാം. അതാതു സ്ഥലത്തു പരിചയമുള്ള ഭാഷാഭിമാനികളുടെ സഹകരണംകൊണ്ടേ ഇവയെല്ലാം ശേഖരിക്കാൻ സാദ്ധ്യമാവു. എല്ലാ ഭാഷാഭിമാനികളും ഇത്തരം പദങ്ങൾ ശേഖരിക്കുന്നതിൽ സഹായിക്കണമെന്നാണ് എന്റെ അപേക്ഷ.

സൌകര്യംപോലെ ശേഖരിക്കുന്ന പദങ്ങളും പ്രയോഗങ്ങളും അപ്പോഴപ്പോൾ എനിക്ക് അയച്ചുതന്നാൽ ഉപകാരമായിരിക്കും. താഴെ കൊടുക്കുന്നതാണ് മേൽവിലാസം.

ശൂരനാട്ട് കുഞ്ഞൻ പിള്ള,
എഡിററർ,
മലയാളം നിഘണ്ടു,
യൂണിവേഴ്സിററി, തിരുവനന്തപുരം.

---

## സമസ്യ.

.............................................................

..........................................

.............................................................

..........................................

"അദ്ധ്യേതാക്കളവശ്യമീവകയറിഞ്ഞീ–
ടേണമെല്ലാവരും"

കെ. എൻ. കെ. പി.

---

11–ാംപേജിൽനിന്നു തുടർച്ച

ന്റെ ആഗ്രഹാനുസാരം ഗുരുവായ മുഹമ്മത് ഘോസിന്റെ ശവകുടീരത്തിന്നരികെത്തന്നെ യഥോചിതം സംസ്കരിക്കപ്പെട്ടു.

ഇഹലോകവാസം വെടിയുമ്പോൾ അദ്ദേഹത്തിന്ന് നാലു പുത്രന്മാരുണ്ടായിരുന്നു. അവരിൽ ഒരാളായ താനരംഗ് പിന്നീട് പ്രസിദ്ധനായ ഒരു ഗായകനായിത്തീർന്നു. അദ്ദേഹം ആദ്യമായി അക്ബരുടേയും, അക്ബരുടെ കാലശേഷം, പുത്രനായ ജഹാംഗീറിന്റെയും രാജസദസ്സിലെ ഒരംഗമായിരുന്നു. ഗ്വാളിയർ, ജയപ്പൂർ, രാംപൂർ എന്നീ ഉത്തരേന്ത്യൻ നാട്ടുരാജ്യങ്ങളിൽ താൻസന്റെ വംശപരമ്പര ഇന്നും ജീവിച്ചിരിപ്പുണ്ട്. (ഹിന്ദിയിൽനിന്നു്)

# ഭാരതത്തിലെ സംഗീതകല.

സി. എൽ. ബി. മേനോൻ, തൃശ്ശൂർ.

'ഒരു പാത്രത്തിൻെറ സൃഷ്ടിയിൽ കാണിക്കുന്ന പാടവമാണ് കല' എന്ന് സുപ്രസിദ്ധ തത്വചിന്തകനും, വിമർശകനുമായ ശ്രീമാൻ എ. ബാലകൃഷ്ണപിള്ള ഒരിടത്തു പറയുന്നുണ്ട്. കലകൾ ഭാരതത്തിൽ അറുപത്തിനാലുണ്ട്. ജൈനമതക്കാർ എഴുപത്തിരണ്ടു കലകളുണ്ടെന്നു പറയുന്നു. യൂറോപ്യന്മാരെ സംബന്ധിച്ചേടത്തോളം കലകൾ നിരവധിയാണ്. ഇത്തരത്തിലുള്ള കലകളെ ഉപയുക്തക കലകളെന്നും, സുകുമാര കലകൾ അഥവാ ലളിതകലകൾ എന്നും രണ്ടായി വിഭജിക്കാം. സംഗീതം, സാഹിത്യം, ചിത്രമെഴുത്ത്, പ്രതിമാനിർമ്മാണം, നൃത്തം മുതലായ കലകൾ സുകുമാര കലാവിഭാഗത്തിലും, പാത്രനിർമ്മാണം, നെയ്ത്ത് മുതലായവ ഉപയുക്തക കലകളിലും ഉൾപ്പെടുത്താം. ഈ സുകുമാര കലകളിൽതന്നെ വേറെയും രണ്ടു വിഭാഗങ്ങൾ ഉണ്ട്. ചിത്രമെഴുത്ത്, പ്രതിമാനിർമ്മാണം (കൊത്തുപണി) മുതലായവ ദൃശ്യകലാവിഭാഗത്തിലും, വാദ്യം, സാഹിത്യം, സംഗീതം മുതലായവ ശ്രാവ്യകലാവിഭാഗത്തിലും ഉൾപ്പെടുത്താവുന്നതാണ്.

ഇതിൽനിന്നും സംഗീതം ശ്രാവ്യകലയിൽ പെട്ടതാണെന്ന് തെളിയുന്നു. ആദ്യമായി ഭാരതത്തിലാണ് ശ്രാവ്യകലയായ സംഗീതം നവീനങ്ങളായ സാങ്കേതിക വൈദഗ്ദ്ധ്യത്തോടും, വൈവിദ്ധ്യത്തോടും കൂടി വളർന്നുവന്നിട്ടുള്ളതെന്ന് നിഷ്പക്ഷമായി ചിന്തിക്കുന്നവർ തലകുലുക്കി സമ്മതിക്കുന്ന ഒരു നഗ്നമായ പരമാർത്ഥമാണ്. വേദയുഗത്തിലെ ഋഷീശ്വരന്മാരുടെ സങ്കീർത്തനങ്ങളെല്ലാം ഗാനസമ്പൂർണ്ണങ്ങളായിരുന്നു. ഋഗ്വേദത്തിലേയും, സാമവേദത്തിലേയും സങ്കീർത്തനങ്ങളും, മന്ത്രങ്ങളും, മററും ഗാനരൂപത്തിലാണ്. ഋഗ്വേദത്തിൽ ഇതിനെപ്പററി പല ഭാഗങ്ങളിലും പ്രത്യേകം പ്രതിപാദിക്കുകകൂടി ചെയ്തിട്ടുണ്ട്. വേദയുഗത്തിനുശേഷം പാണിനിയെപ്പോലുള്ള ഭാരതത്തിൻെറ അഭിമാനസ്തംഭങ്ങളായ ആചാര്യന്മാർ സംഗീതകലയുടെ ശാസ്ത്രീയമായ ഒരു രൂപം നമുക്കു നൽകിയിട്ടുണ്ട്. പാണിനിയുടെ കാലഘട്ടത്തോടുകൂടിയാണ് സപ്തസ്വരത്തിലടിസ്ഥാനപ്പെടുത്തിയിട്ടുള്ള സംഗീതം പ്രചാരത്തിൽവന്നതു്. ക്രിസ്തുവിനുമുമ്പ് രണ്ടായിരം വർഷങ്ങൾക്കുമുമ്പാണ് ഭാരതത്തിലെ സംഗീതകലയുടെ ഒരു ശാസ്ത്രീയമായ നിയമാവലി ഉത്ഭവിച്ചതു് എന്നതിൽനിന്നും ഭാരതത്തിലെ സംഗീതകലയുടെ പുരാതന മഹത്വത്തെക്കുറിച്ച് പറഞ്ഞറിയിക്കേണ്ടുന്ന ആവശ്യമില്ലല്ലോ.

ഗാനം, നൃത്തം, മേളം എന്നിവയുടെ സമുചിതവും, സുമോഹനവുമായ സമ്മേളനമാണ് സംഗീതമെന്ന് എല്ലാ സംസ്കൃതാചാര്യന്മാരും സമ്മതിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഗീതകലയെ മാർഗ്ഗ, ദേശി; എന്നിങ്ങിനെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. ബ്രഹ്മാവിനാൽ നിർമ്മിക്കപ്പെട്ടതും, ശിവൻെറ മുമ്പിൽ ഭരതനാൽ പരിശീലിക്കപ്പെട്ടതുമാണ് മാർഗ്ഗവിഭാഗത്തിൽപെട്ട സംഗീതമെന്നാണു പുരാതന ഭാരതത്തിലെ സംഗീതാചാര്യന്മാർ വിശ്വസിച്ചുവരുന്നതു്. ദേശീസംഗീതം സാധാരണജനങ്ങളിൽനിന്നും ഉത്ഭവിച്ചതാണ്. തന്മൂലം ഓരോ സംസ്ഥാനത്തിൽപെട്ട ദേശീസംഗീതത്തിനും അന്യോന്യം വ്യത്യാസമുണ്ട്.

ഉത്തരേന്ത്യയിലും, ദക്ഷിണേന്ത്യയിലും രണ്ടുതരത്തിലുള്ള സംഗീതമാണുള്ളതു്. കർണ്ണാടകസംഗീതം ദക്ഷിണേന്ത്യയിലും, ഹിന്ദുസ്ഥാനിസംഗീതം ഉത്തരേന്ത്യയിലും പ്രസിദ്ധമാണ്. ആലാപന, പല്ലവി, കീർത്തനം, പദം, താനവർണ്ണം, ഗാവാലി, ഗീതം, രാഗമാലിക മുതലായവ കർണ്ണാടകസംഗീതത്തിലും, ദ്രുപത്, തിലാന, സുരാവർതന, ഹോരി മുതലായവ ഹിന്ദുസ്ഥാനിസംഗീതത്തിലും ഉൾപ്പെടുന്നവയാണ്.

ഭാരതത്തിലെ ക്ലാസിക്കൽ സംഗീതത്തിൽ ആകെ ഏഴു സ്വരങ്ങളും, പതിനഞ്ചു ഉപസ്വരങ്ങളുമുണ്ട്. ഇതു രണ്ടുമുൾപ്പെടെ ഇരുപത്തിരണ്ടു ശ്രുതികൾ ആണുള്ളതു്. ഇതിനുപുറമേ, നാലു വർണ്ണങ്ങളും, ആറുരാഗങ്ങളും (ചിലർ അഞ്ചേ ഉള്ളു എന്നു പറയുന്നു) ഓരോ രാഗങ്ങൾക്കും ആറിരാഗിണികളുമായി ക്ലാസിക്കൽ സംഗീതത്തിൽ പലേ വിഭാഗങ്ങളുണ്ട്.

സ്വരങ്ങളും, വർണ്ണങ്ങളും കൂടിയതാണ് രാഗം. ഓരോ രാഗങ്ങളും പ്രത്യേകം പ്രത്യേകം ഇന്ദ്രിയങ്ങളോരോന്നിനും നിർവൃതി നൽകുന്നതാണെന്നാണ് സങ്കല്പം. പ്രഭാതത്തിലും, മദ്ധ്യാഹ്നത്തിലും സായാഹ്നത്തിലും പ്രത്യേകം ആലപിക്കേണ്ടുന്ന ഗാനങ്ങളുണ്ട

ശേഷം 10-ാംപേജിൽ

# അപൂർവ്വദർശനം.

(മാധവൻ അയ്യപ്പത്ത്)

മാനത്തു ചന്ദ്രനുദിച്ചുയർന്നപ്പൊഴാ
മാവിൻ ചുവട്ടിൽ ഞാനെത്തി.
പച്ചിളംപട്ടൊത്ത പുല്ലിൽ തലചായ്ച
കൊച്ചുമാങ്കൊമ്പിലിരുന്നു.
ദൂരെയാവിണ്ണിന്റെ മുറ്റത്തു നില്ക്കുന്ന
താരകൾ നോക്കിച്ചിരിച്ചു.
മാന്തളിർ ചില്ലകളോടെന്തോമാരുതൻ
മന്ദമായ് മന്ത്രിച്ചു പോയീ
ഓമനസ്വപ്നങ്ങളോർമ്മയിലക്ഷണം
കോൾമയിർ ചേർത്തുവാനെത്തി.
കണ്ണിമവെട്ടാതെ നിശ്ചലനായി ഞാൻ
വിണ്ണിലും നോക്കിയിരുന്നു.
വിശ്വസൌന്ദര്യമുടലാർന്നപോലൊരു
കൊച്ചുകുമാരിയെൻ മുന്നിൽ.
പ്രാണനിൽ കൂടിയും ഗാനംപകരുമാ
വീണയുമായുടനെത്തി.
ഖദ്യോതശ്രേണിക്കിടയിലായുജ്ജ്വല
വൈദ്യുതദീപ്തിയെന്നോണം.
മന്ദാക്ഷലക്ഷണങ്ങളോളംതുളുമ്പിയാ
മഞ്ജുമിഴിമുനക്കോണിൽ.
പുത്തൻപ്രവാളാധരങ്ങൾക്കിടയ്ക്കൊരു
മുത്തൊളിപ്പുഞ്ചിരിമിന്നി
അമ്മുഗ്ദ്ധകണ്ഠിതൻ പ്രേമഗാനങ്ങളെ-
ന്നാത്മാവിലാവേശം വീശി
ആരോമലാളിന്നരികത്തിലേക്കു ഞാൻ
കോരിത്തരിച്ചുടൻ നീങ്ങി.
മന്ദഹാസാഞ്ചിത വക്ത്രയായിട്ടുടൻ
മഞ്ഞുപോലായവൾ മാഞ്ഞു
മാന്തളിർത്തൊത്തിനെമാരുതൻ പുല്കുന്ന
മർമ്മരമപ്പൊഴും കേട്ടു.
ഉദ്വേഗപൂർവ്വമെൻ ഹൃത്തുടനോതിയാ
വിദ്യുല്ലതികയോടേവം.
"എങ്കിലുമെങ്കിലും മോഹനസ്വപ്നമെ
നിങ്കൽ ഞാൻ നിർണ്ണയമെത്തും".

---

# പൂവിന്റെ പാട്ട്.

(വി. എ. കേശവൻ നമ്പൂതിരി)

ഈ വിശ്വം മനോജ്ഞമാം
പൂവനിയാക്കിത്തീർക്കാൻ
സേവനക്ഷേത്രത്തിങ്ക
ലെന്നെ ഞാനർപ്പിക്കുന്നു!
തൂവെളിച്ചവും ചൂടും
നല്കുവാൻ, വിടർത്തുവാൻ,
ജീവിതത്തിനെസ്സൗഖ്യ
മകുടം ചൂടിക്കുവാൻ
ആവുമെന്നൊരു മിഥ്യാ
ബോധമില്ലൊട്ടും; കൊച്ചു
പൂവിതു പ്രപഞ്ചത്തി
ലെളിയൊരംഗം മാത്രം!
എങ്കിലു, മഴൽപ്പാടിൽ
പ്പൊരിയുമാത്മാക്കളി-
ലെന്റെ സാന്നിദ്ധ്യം കുളി-
രേകുമെന്നാശിപ്പൂ ഞാൻ.
നേർത്തൊരാ പ്രതീക്ഷതാൻ
ചിരിച്ചു നിലക്കൊൾവൂ
പേർത്തുമിച്ചുണ്ടിൽ, പൂന്തേൻ
തുളുമ്പിച്ചീടുന്നുള്ളിൽ!
സ്നേഹസൗരഭമോലും
ഹൃദയംതുറന്നു ഞാൻ
സേവിക്കും ജഗത്തിനെ;
മോഹമിങ്ങൊന്നേയുള്ളൂ.
മണ്ണിനെക്കതിർത്തുകൊ
ണ്ടിരിക്കും ചൂടറ്റുള്ള
കണ്ണീരുകൾ ചുംബി-
ച്ചെടുക്കാൻ കഴിഞ്ഞെങ്കിൽ!

# താൻസൻ

### അദ്വിതീയനായ ഒരു ഗായകൻ

മുരളീധരൻ ആഗ്ര.

ഭാരതവർഷം പുരാതനകാലം മുതൽക്കെ സുന്ദര കലകളുടെ കേളീരംഗമായിരുന്നുവെന്നുള്ളതിൽ തർക്കമില്ല. ആംഗ്ലേയചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ഇന്ത്യയിൽ ശോഭനമായൊരു സംസ്കാരം ഉദയംചെയ്യുന്നതിനുമുമ്പുതന്നെ, ഗ്രീസിലും റോമിലും, കൂടുതൽ ഉച്ചസ്ഥമായ സംസ്കാരം (Civilization) നിലവിലുണ്ടായിരുന്നുവെന്ന് ഉദ്ഘോഷിക്കപ്പെടുന്നു. ഈ അഭിപ്രായം അടിസ്ഥാനരഹിതമാണെന്നും, അങ്ങിനെയൊരു സംസ്കാരത്തിന്റെ നവരശ്മികൾ ഗ്രീസിലും റോമിലും പതിക്കുന്നതിനുമുമ്പുതന്നെ, ഇന്ത്യയിൽ അതു് നിലവിലുണ്ടായിരുന്നുവെന്നും നമ്മുടെ പിൽക്കാല ചരിത്രകാരന്മാർ തെളിയിച്ചിരിക്കുന്നു. നൂററാണ്ടുകൾ മുമ്പേ ഭാരതവർഷത്തിന്റെ പല ഭാഗങ്ങളിലുമായി അനവധി കലകൾ പ്രചരിച്ചുപോന്നു. ചിലതെല്ലാം പ്രോത്സാഹനക്കുറവിനാലും, മററ ചില കാരണങ്ങളാലും നിശ്ശേഷം കെട്ടടങ്ങിപ്പോയി. വിദേശീയ ഭരണകൂടം ഇന്ത്യയിൽ സ്ഥാപിതമായതോടെ ഇന്ത്യൻ കലകളുടെ വളർച്ചക്ക് പ്രതികൂലമായ പരിതസ്ഥിതിയാണ് ഉണ്ടായതു്. തന്മൂലം, ശേഷിച്ചിരുന്ന കലകളുടേയും അധ:പ്പതനത്തിനു കാരണമായി. അങ്ങിനെ ഉന്മൂലനാശത്തിലേക്ക് തള്ളപ്പെട്ട ആ കലകൾ ഇന്നു് സ്വാതന്ത്ര്യത്തിന്റെ ശീതളഛായയിൽ തഴച്ചുവളരുമെന്നു നമുക്കാശിക്കാം.

ഭാരതവർഷചരിത്രത്തിൽ നമുക്ക് കാണാൻ കഴിയും, ഇന്ത്യയിൽ അനവധി മഹാസാമ്രാജ്യങ്ങൾ ഉയർന്നുവന്നതായും അസ്തമിച്ചതായും. പ്രതാപശാലികളും വിവിധമതസ്ഥരുമായ ചക്രവർത്തിമാരും രാജാക്കന്മാരും ഈ മഹാസാമ്രാജ്യത്തെ അലങ്കരിച്ചു. ജാതിമതഭേദമെന്യേ അവരിൽ ഭൂരിഭാഗവും കൂടുതലായി പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന ഒരു കലയാണ് "സംഗീതം," മുഗൾചക്രവർത്തിമാരിൽ അഗ്രഗണ്യനായ അക്ബർ പാദുഷായുടെ സംഗീതത്തിലുള്ള താല്പര്യം നിമിത്തം, അദ്ദേഹം ഈ കലയേയും കലാകാരന്മാരേയും വളരെ പ്രോത്സാഹിപ്പിച്ചിരുന്നതായി കാണുന്നു. അദ്ദേഹത്തിന്റെ രാജസദസ്സാണ് സംഗീതത്തിനു അടിത്തറയിട്ടതും അതിനെ ശാസ്ത്രീയമായി കെട്ടിപ്പടുത്തതും. ഈ സംവിധാനത്തിൽ, സംഗീത ശാസ്ത്രപടുവായ താൻസനാണ് അഗ്രിമസ്ഥാനമലങ്കരിച്ചിരുന്നതു്. താൻസൻ എന്നു പേരുകേട്ടാൽ അദ്ദേഹമൊരു മുസൽമാനാണെന്നു തോന്നിപ്പോകും. എന്നാൽ അദ്ദേഹമൊരു ബ്രാഹ്മണനായിരുന്നു. താൻസനെന്ന നാമധേയം അദ്ദേഹം സ്വീകരിക്കാനുണ്ടായ കഥ വളരെ രസാവഹമാണ്.

ഏകദേശം 400 സംവത്സരങ്ങൾക്കുമുമ്പ് ഉത്തരേന്ത്യയിൽ ഗ്വാളിയർ എന്ന നാട്ടുരാജ്യത്തു് ബേഹട്ട് എന്ന ഗ്രാമത്തിലാണ് താൻസൻ ഭൂജാതനായതു്. മകരന്ദ് പാണ്ഡെയെന്നായിരുന്നു അദ്ദേഹത്തിന്റെ പിതാവിന്റെ നാമധേയം. ഒരു കവിയും സംഗീത

---

8-ാംപേജിൽനിന്നു

ത്രേ. ഓരോ ഋതുക്കളിൽ പ്രത്യേകം രാഗങ്ങൾക്കും പ്രാധാന്യമുണ്ടു്. ശിശിരത്തിൽ ശ്രീരാഗവും, വസന്തഋതുവിൽ വസന്തരാഗവും, ഗ്രീഷ്മത്തിൽ ഭൈരവീരാഗവും, ശരത്തിൽ പഞ്ചമരാഗവും, വർഷത്തുവിൽ മേഘരാഗവും, നടനരായൻ ഹേമന്തത്തിലും പാടണമെന്നാണ് ശാസ്ത്രജ്ഞ മതം.

വളരെ പുരാതനമാണ് ദേശീസംഗീതം. ബുദ്ധഗായകന്മാരാണ് ദേശീസംഗീതത്തിന്റെ പ്രാധാന്യം പ്രത്യക്ഷമാക്കിയതു്. പുതുമയ്ക്കും, മോടിക്കും എപ്പോഴും വെമ്പിയിരുന്ന മുഹമ്മദീയർ ദേശീസംഗീതത്തിലും പല പരിവർത്തനങ്ങളും സൃഷ്ടിക്കുകയുണ്ടായി. ദേശീസംഗീതത്തിലും പല വിഭാഗങ്ങൾ ഉണ്ടു്. മാർഗ്ഗവിഭാഗത്തിൽനിന്നും വളരെ വ്യത്യസ്ഥപ്പെട്ടതാണ് ദേശീസംഗീതമെങ്കിലും ദേശീസംഗീതത്തിലെ ചില വിഭാഗങ്ങളിൽ പാണ്ഡിത്യമുള്ളവർക്ക് മാർഗ്ഗവിഭാഗത്തിൽ പരിചയം എളുപ്പത്തിൽ നേടാവുന്നതാണ്.

ഇങ്ങിനെ ഭാരതത്തിലെ സംഗീതകലക്ക് വ്യത്യാസങ്ങളുള്ള പല വിഭാഗങ്ങൾ ഉണ്ടു. ശാസ്ത്രീയമായി വളർന്നുവന്നിട്ടുള്ള കലകളിൽ പ്രസിദ്ധമായ ഒന്നാണ് ഭാരതത്തിലെ സംഗീതകല. പുരാതനത്വം കൊണ്ടു്, ശാസ്ത്രീയമായ അടിസ്ഥാനമുള്ളതുകൊണ്ടും ഭാരതത്തിലെ സംഗീതകല സർവ്വരാലും ആരാദ്ധ്യമായി വളർന്നുകൊണ്ടിരിക്കുകയാണിന്നും.

ജനനമായ മകരന്ദ് പാണ്ഡെക്ക് വളരെ സന്താനങ്ങൾ ഉണ്ടായെങ്കിലും അവരെല്ലാം ബാല്യത്തിൽത്തന്നെ മരിച്ചുപോയി. അവസാനത്തെ പുത്രനായ ത്രിലോകനാഥ് പാണ്ഡെ സുപ്രസിദ്ധ സംഗീതവിദ്വാനായ മുഹമ്മത് ഘോഷിന്റെ സംരക്ഷണത്തിൽ ഏല്പിക്കപ്പെട്ടു. അന്നുമുതൽക്ക് ത്രിലോകനാഥ് പാണ്ഡെക്ക് താൻസൻ എന്ന പേർ കിട്ടി.

കൌമാരദശയിൽ എത്തിയതോടെ അദ്ദേഹത്തിന് യഥോചിതം വിദ്യാഭ്യാസം നൽകപ്പെട്ടു. കുട്ടിക്കാലം മുതല്ക്കേ താൻസന് അനന്യസാധാരണമായ ചില കഴിവുകളുണ്ടായിരുന്നു. അദ്ദേഹത്തിന് മനുഷ്യരുടേയും പക്ഷിമൃഗാദികളുടേയും ശബ്ദം അതേവിധത്തിൽത്തന്നെ നിഷ്പ്രയാസം അനുകരിക്കാൻ കഴിഞ്ഞിരുന്നു; അതിൽ വളരെ ഔത്സുക്യവും പ്രകടിപ്പിച്ചിരുന്നു. സിംഹം, പുലി എന്നീ വന്യമൃഗങ്ങളുടെ തനി ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് തങ്ങളുടെ കൃഷിക്ക് കാവൽനിന്നിരുന്ന ഒരവസരത്തിൽ; വൃന്ദാവനത്തിലെ ഹരിദാസസ്വാമികൾ ശിഷ്യന്മാരോടുകൂടി ആ വഴിയെ കടന്നുപോകാനിടയായി. വന്യമൃഗങ്ങളുടെ ഗർജ്ജനം കേട്ട് ഭയചകിതരായ സ്വാമികളും ശിഷ്യന്മാരും നാലുപാടും ശ്രദ്ധിച്ചുനോക്കി. എന്നാൽ അവിടെ സിംഹമോ, പുലിയോ ഒന്നും ഉണ്ടായിരുന്നില്ല. ഒരു മാവിൻകൊമ്പിലിരുന്ന് ഈ തമാശ കണ്ടുകൊണ്ടിരുന്ന താൻസൻ കീഴെ ഇറങ്ങിവന്നപ്പോൾ വിസ്മിതനായ സ്വാമികൾ ആ കുട്ടിയോടു; "കുട്ടി, നീയെന്താണ് വന്യമൃഗങ്ങളുള്ള ഈ സ്ഥലത്ത് യാതൊരു കൂസലും കൂടാതെ നടക്കുന്നത്?" എന്നു ചോദിച്ചു താൻസൻ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു: "ഇവിടെ വന്യമൃഗങ്ങളൊന്നുമില്ല. ഞാൻ തന്നെയാണ് ആ വന്യമൃഗങ്ങളുടെ ശബ്ദം അനുകരിച്ചത്" വിസ്മിതനായ സ്വാമികൾ അവനെ ഉപദേശിച്ചു: "കുട്ടീ നിനക്ക് നല്ല സ്വരവൈഭവമുണ്ട്. സംഗീതമഭ്യസിക്കുക." അന്നുമുതൽ താൻസൻ ഹരിദാസസ്വാമികളുടെ ശിഷ്യനായിത്തീർന്നു. ഉത്തമനായ ഗുരുവിന് അനുരൂപനായ ഒരു ശിഷ്യൻ തന്നെയായിരുന്നു താൻസൻ.

ബുദ്ധിവൈഭവത്താലും പഠിപ്പിലുള്ള ജിജ്ഞാസയാലും ഏറെത്താമസിയാതെ അദ്ദേഹം സംഗീതത്തിൽ അപാരമായ പാണ്ഡിത്യം സമ്പാദിച്ചു. അതോടുകൂടി താൻസന്റെ ഖ്യാതി സർവ്വത്ര പരക്കുകയും ചെയ്തു.

വിദ്യാഭ്യാസം പൂർത്തിയാക്കി, സ്വാമികളോട് വിടവാങ്ങിക്കൊണ്ട് അദ്ദേഹം റേവാ മഹാരാജാവിന്റെ അരമനയിലേക്ക് പോയി. റേവാ മഹാരാജാവ് താൻസനെ യഥോചിതം സൽക്കരിച്ച് തന്റെ സംഗീതഗുരുവായി അംഗീകരിച്ചു. വളരെക്കാലം അദ്ദേഹം റേവാരാജസദസ്സിനെ അലങ്കരിക്കയുണ്ടായി. സംഗീതത്തിലെന്നപോലെ സാഹിത്യത്തിലും അദ്ദേഹത്തിന് അസാമാന്യമായ നൈപുണ്യമുണ്ടായിരുന്നു. റേവാ മഹാരാജാവിന്റെ ഗുണഗണങ്ങളെ പ്രകീർത്തിച്ചുകൊണ്ട് പല കവിതകളും താൻസൻ രചിച്ചിട്ടുണ്ട്.

അക്കാലത്ത് പ്രതാപശാലിയായ അക്ബറായിരുന്നു ദൽഹിയിലെ രാജാവ്. താൻസന്റെ പ്രശസ്തി അദ്ദേഹത്തിന്റെ ചെവിയിലെത്തുകയും താൻസനെ തന്റെ രാജസദസ്സിലേക്ക് ക്ഷണിക്കയും ചെയ്തു. അക്ബറുടെ ക്ഷണമനുസരിച്ച് ദെൽഹിയിലേക്ക് പുറപ്പെടുന്ന അവസരത്തിൽ റേവ മഹാരാജാവ് അദ്ദേഹത്തിന് രത്നഖചിതമായ ഒരു വീരശൃംഖല സ്നേഹസൂചകമായി സമ്മാനിച്ചു. അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായി, റേവാ മഹാരാജാവിനെയൊഴികെ മററാരേയും വലതു കൈകൊണ്ട് സലാം ചെയ്യുകയില്ലെന്നു താൻസൻ പ്രതിജ്ഞ ചെയ്തു. ഈ പ്രതിജ്ഞ അദ്ദേഹം ജീവപര്യന്തം നിറവേററുകയും ചെയ്തു. താൻസന്റെ കാലശേഷം അദ്ദേഹത്തിന്റെ വംശജന്മാരും ശിഷ്യന്മാരും ആ ശപഥം പാലിച്ചുപോന്നിരുന്നുവത്രെ.

1513-ാമാണ്ടിലാണ് താൻസൻ ദെൽഹിയിൽ വന്നത്. അക്ബർ ചക്രവർത്തിയുടെ സംഗീതഗുരുവായിരുന്ന താൻസന്റെ ഖ്യാതി ക്രമേണ നാടെടുക്കെ പരന്നു. അക്ബറുടെ രാജസദസ്സ് അനവധി സംഗീതവിദ്വാന്മാരാൽ അലങ്കരിക്കപ്പെട്ടു. എന്നാൽ അവരിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു സ്ഥാനമായിരുന്നു താൻസനു നൽകിയിരുന്നത്.

താൻസൻ, ഒരു മുസൽമാൻ നാമധേയത്തിലാണ് അറിയപ്പെട്ടിരുന്നതെങ്കിലും ഒരുത്തമ ഹിന്ദുമതവിശ്വാസിതന്നെയായിരുന്നു അദ്ദേഹം. പക്ഷെ ദെൽഹിയിൽ വന്നതിനുശേഷം ഒരു മുസൽമാൻ സ്ത്രീയുമായി വിവാഹബന്ധത്തിലേർപ്പെടുകയും, അതോടെ മുസൽമാനായിത്തന്നെ മതപരിവർത്തനം ചെയ്യുകയും ചെയ്തു.

അതിവിപുലമായ സംഗീതകലയിലെ ഒരു പ്രത്യേക ഘടകമായ "ദീപക"രാഗം ശാസ്ത്രീയമായ രീ

# ★ സാഹിത്യത്തിലെ 'രാഷ്ട്രീയം' ★

വിദ്വാൻ വി. കെ. ബാലൻ.

ഇന്ന് രാഷ്ട്രീയത്തിലെന്നപോലെ സാഹിത്യത്തിലും 'ആൾപിടുത്തം' തുടങ്ങിയിരിക്കുന്ന കാലമാണല്ലോ? ജയാപജയങ്ങളുടെ ബലാബല പരീക്ഷ അങ്ങിനെ മുറക്ക് നടക്കുന്നു. കൊല്ലംതോറും സാഹിത്യസമ്മേളനങ്ങൾ കൂടി പ്രമേയങ്ങൾ പാസ്സാക്കുന്നു പ്രശസ്തരായ സാഹിത്യകാരന്മാർ പ്രസംഗിക്കുന്നു, പോകുന്നു. സാഹിത്യകാരന്മാരെല്ലാം ഒരേ ചേരിയിൽ നിൽക്കണം സാഹിത്യത്തിൽ രാഷ്ട്രീയം കൈകടത്താൻ പാടില്ല, സ്വതന്ത്ര്യവും നിഷ്പക്ഷവുമായ ചിന്താഗതിയാണ് യഥാർത്ഥസാഹിത്യത്തിന്റെ ഉറവിടം, അല്ല—രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ മനുഷ്യന്റെ പുരോഗമനോന്മുഖങ്ങളായ ചിന്തകളെ ഉദ്ദീപിപ്പിക്കുന്ന സാഹിത്യമെ സാഹിത്യമാകൂ എന്നൊക്കെ നാം കേൾക്കുന്നു.

എന്താണീസാഹിത്യം? എന്നൊന്ന് ചോദിച്ചുപോയാൽ നാം കുടുങ്ങി. ഉടനെ മറുചോദ്യമായി എന്തൊന്നല്ല സാഹിത്യം? അപ്പോൾ നാം കാണുന്നതും, കേൾക്കുന്നതും, ചിന്തിക്കുന്നതും, പ്രസംഗിക്കുന്നതും, പറയുന്നതും എല്ലാം സാഹിത്യംതന്നെ. എന്നല്ലെ അതിന്റെ വിവക്ഷ. നാം ചിന്തിക്കുന്നതും പറയുന്നതും എന്നുവേണ്ട നമ്മുടെ ജീവിതത്തിൽ നാം അറിഞ്ഞും അറിയാതേയും പ്രവർത്തിക്കുന്നതെല്ലാം നമ്മൾക്കുവേണ്ടി മാത്രമല്ലല്ലൊ? മനുഷ്യൻ സാമൂഹ്യ ജീവിയായിരിക്കുന്നതുവരെ അതല്ലാത്തവിധം പ്രവർത്തിക്കാൻ സാധിക്കുകയില്ല അവന്റെ ചിന്ത ആദ്യം അവനെക്കുറിച്ചും പിന്നെ കുടുംബം സമുദായം രാഷ്ട്രം എന്നിതുറകളിൽക്കൂടെ കടന്നുപോകുന്നു. അങ്ങിനെ ചിന്ത വളർന്ന് വളർന്ന് ഏകത്വത്തിൽ ചെന്നവസാനിക്കുന്നു. പക്ഷെ ആ ഏകത്വം വിശ്വസാഹോദര്യമെന്നൊ വിശ്വശാന്തിയെന്നൊ ഉള്ള ഒരൈക്യകേന്ദ്രത്തിൽ ചെന്ന് തങ്ങുന്നു. പെട്ടന്നങ്ങ് ആർക്കും അവിടെക്ക് എത്താൻ സാധിക്കുകയില്ല. മാനവചരിത്രംതന്നെ അതിന്ന് മതിയായ തെളിവാണ്. അതിന്നായി ജീവിതത്തിലെ പല കല്പടകളേയും പിന്നിടേണ്ടതായിട്ടുണ്ട്. ക്രമാനുഗതമായ ഈ വളർച്ചയിൽ പല വ്യത്യാസങ്ങളും സംഭവിക്കുന്നു. ആ സംഭവിക്കപ്പെടുന്ന വ്യത്യാസങ്ങളുടെ പ്രതിഫലനങ്ങൾ നാം അവന്റെ ഭാഷയിലും, നടപ്പിലും എഴുത്തിലും സംസാരത്തിലും കാണുന്നു. അങ്ങിനെയുള്ള വ്യത്യാസം എങ്ങിനെ സംഭവിച്ചുവെന്ന് ചോദിച്ചാൽ എളുപ്പം ഉത്തരം കിട്ടാവുന്നതല്ല. സർവ്വതന്ത്രസ്വതന്ത്രനായി ജീവിക്കാനാഗ്രഹിക്കുന്ന മനുഷ്യനേയൊ മനുഷ്യവർഗ്ഗത്തേയോ തങ്ങളുടെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. സാഹിത്യത്തിലായാലും രാഷ്ട്രീയത്തിലായാലും നിയന്ത്രിക്കപ്പെടുന്ന ശക്തിക്ക് പരിതസ്ഥിതികളുമായുള്ള ബന്ധത്തിന്റെ ആക്കത്തൂക്കത്തിന്നനുസരി

---

തിയിൽ ആലപിക്കാൻ കഴിവുള്ളപക്ഷം, അണഞ്ഞുപോയ വിളക്ക് താനേ എരിയുമത്രെ. ഈ കലയിലും താൻസൻ സമർത്ഥനായിരുന്നു. ഒരിക്കൽ അക്ബറുടെ ആഗ്രഹാനുസാരം താൻസൻ ദീപകരാഗം ആലപിക്കയുണ്ടായി. അതിന്റെ പ്രാരംഭദശയിൽ രാജസദസ്സിലെ വിളക്കുകളെല്ലാം ഒന്നായണയുകയും, രാഗം മൂർദ്ധന്യാവസ്ഥയിൽ എത്തിയതോടെ, അണഞ്ഞുപോയ ആ വിളക്കുകളെല്ലാം ഒന്നിച്ച്, കൂടുതൽ ശോഭയോടുകൂടി പ്രകാശിക്കയും ചെയ്തുവെന്നാണ് ഐതിഹ്യം. ഇതേവിധത്തിൽ മേഘരാഗം ആലപിച്ച് മേഘത്തിൽനിന്നും മഴപെയ്യിക്കയും ചെയ്തിട്ടുണ്ടത്രെ! യോഗ്യതകൊണ്ടും കലാവൈഭവംകൊണ്ടും പ്രകൃതിയെപ്പോലും അടക്കി ഭരിക്കാൻ താൻസന് കഴിഞ്ഞിരുന്നുവെന്നാണ് ജനശ്രുതി.

തന്റെ വന്ദ്യഗുരുവായ മുഹമ്മത് ഘോഷിനോടുള്ള ഭക്തിചിഹ്നമായി അദ്ദേഹത്തിന്റെ ശവകുടീരത്തിൽ താൻസൻ ഒരു പുളിവൃക്ഷം നടുകയുണ്ടായി. ആ വൃക്ഷത്തിന്റെ ഇല പറിച്ച് ഭക്ഷിക്കുന്നവരുടെ ശാരീരം യഥേഷ്ടം സാധകംചെയ്യാൻ കഴിയുമെന്ന് പറയപ്പെടുന്നു. ഇന്നവിടെ നമുക്കു കാണാൻകഴിയുന്ന പുളിമരം സാക്ഷാൽ താൻസനാൽ വയ്ക്കപ്പെട്ടിട്ടുള്ളതല്ല; അതിന്റെ പരമ്പരമാത്രമാണത്. ഗായകന്മാരായ ഭക്തന്മാർ ഇന്നും അവിടെചെന്ന് ആ പുളിമരത്തിന്റെ ഇല പറിച്ച് ഭക്ഷിച്ചുവരുന്നുണ്ട്. 1569-ാമാണ്ടിൽ തന്റെ 56-ാമത്തെ വയസ്സിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തി

ശേഷം 7-ാംപേജിൽ

ച്ച് ഒരു പക്ഷേ ഇച്ഛിക്കുന്ന മാർഗ്ഗത്തിൽകൂടെ തിരിക്കാൻ സാധിച്ചെന്നുവരാം. എന്നാൽ അതിനൊരു സ്ഥായിഭാവമൊ അകൃത്രിമതയൊ കിട്ടുമെന്നു ഒട്ടും സംശയിക്കണ്ട. സാഹിത്യത്തെ സംബന്ധിച്ച് ഇന്നു കാണുന്ന വാദഗതികളിൽ പ്രാധാന്യമർഹിക്കു ഒന്നാണിതു്.

ഉരുപ്പടികൾ പണിത്തരങ്ങളാക്കി മനോഹരങ്ങളായ കളിക്കോപ്പുകളൊ മററുപയോഗമുള്ള സാധനങ്ങളൊ ഉണ്ടാക്കുന്ന ഒരു മരാശാരിയെപോലെ സാഹിത്യകാരനും പ്ലാനനുസരിച്ച് കഥയും നോവലും നാടകങ്ങളും എന്നുവേണ്ട മറെറല്ലാ സാഹിത്യസൃഷ്ടികളും നടത്തണമെന്ന് പറയുന്ന നമ്മുടെ നാട്ടിലെ ചില സാഹിത്യകാരന്മാരെപററി എന്തു പറയാനാണ്? സ്വതന്ത്രവും നിഷ്പക്ഷവുമായ ചിന്തയിൽനിന്നെ യഥാർത്ഥ സാഹിത്യം ഉടലെടുക്കുകയുള്ളു. സമുദായം എന്തിഷ്ടപ്പെടേണമൊ അതിന്നായി സാഹിത്യസൃഷ്ടി ചെയ്യുക. കലാകാരനും സാഹിത്യകാരനും ചെയ്യേണ്ടതിതാണ്.

ഈയിടെ വടകരവെച്ചു നടന്ന സാഹിത്യസമ്മേളനത്തിലെ ചർച്ചകളും പ്രസംഗങ്ങളും സാഹിത്യകാരന്മാരുടെയിടയിൽ വലിയ ആശയക്കുഴപ്പം സൃഷ്ടിച്ചിരിക്കുന്നു. സാഹിത്യവും സാഹിത്യകാരനും തമ്മിലുള്ള ബന്ധത്തെപററി നല്ല തഴക്കവും പഴക്കവും സിദ്ധിച്ചവർതന്നെയാണ് അവിടെ സമ്മേളിച്ചിരുന്നതു്. പ്രതിപാദ്യവും പ്രതിപാദനവും തമ്മിൽ വലിയ അന്തരംതന്നെ നാം കാണുന്നു. അങ്ങിനെ വരാനുള്ള കാരണമെന്തു്? നാം നമ്മുടെ സാഹിത്യക്ഷേത്രത്തിലെ ആചാര്യന്മാരേയും ചിന്തകന്മാരേയും പിന്നിട്ടുകൊണ്ട് മുമ്പോട്ടുപോകയാണ്. പുരോഗതിയുടെ പരമമായ മാർഗ്ഗത്തിലേക്ക് മനുഷ്യവർഗ്ഗം ഒന്നായി കുതിക്കുകയാണ്. അങ്ങിനെ ജീവിതം സുന്ദരവും സുഗമവും ക്ലേശരഹിതവുമാക്കി തീക്കുന്നതിന്നുവേണ്ടിയുള്ള മനുഷ്യന്റെ അക്ഷീണപരിശ്രമത്തിൽ അവന്നു് ആശ്വാസവും വൈവിധ്യപൂർണ്ണമല്ലാത്ത മാർഗ്ഗത്തിലൂടെ ലക്ഷ്യത്തിലെത്തിക്കുന്നതിന്നുള്ള കൂട്ടുകാരാണ് സാഹിത്യാദിസുകുമാരകലകൾ. യാഥാർത്ഥ്യത്തെ കണ്ടാലും കണ്ടില്ലെന്നു നടിച്ച് പ്രവർത്തിക്കുന്ന ഒരുതരം പത്തൽരാഷ്ട്രീയപ്രസ്ഥാനമുണ്ടല്ലൊ അതു ഇന്നു് നമ്മുടെ സാഹിത്യത്തിലും കടന്നുകൂടിയിരിക്കുന്നു. ചുരുക്കി പറഞ്ഞാൽ രാഷ്ട്രീയമായി ജനങ്ങളുടെ ചിന്താഗതിയേയും കൂടി വിഭജിച്ചിരിക്കയാണ്. ചിന്താസ്വാതന്ത്ര്യമെന്നതു് മനുഷ്യന്റെ മൌലികമായ അവകാശമാണ്. ഇന്നവിധത്തിലെ ചിന്തിക്കാൻ പാടുള്ളു എഴുതാൻ പാടുള്ളു എന്നു പറയാനുള്ള അധികാരം ആക്കും ഇല്ല. എന്നാൽ സാഹിത്യത്തിലും അങ്ങിനെ വേണമെന്നു ഒരുകൂട്ടർ കൊണ്ടുപിടിച്ചു വാദിക്കുന്നു. അവർ അങ്ങിനെ വാദിക്കുന്നതിൽ തെററില്ല. പക്ഷെ സാഹിത്യത്തിൽ മാത്രം വേണ്ടെന്നാണു വിനീതമായ അഭിപ്രായം. കാരണം മറെറാന്നുമല്ല. അതു് എവിടേയും വിജയിക്കാൻ പോകുന്നില്ല. എവിടേയാണു വിജയിച്ചിട്ടുള്ളതു്. ഒരാശയ സംഹിതയുടെ നേട്ടങ്ങൾക്കുവേണ്ടി കൂർപ്പിച്ച കുന്തത്തിന്റെ മുന മാത്രമായ ഒരു പാർട്ടിയിൽ സാഹിത്യകാരൻ ഒതുങ്ങിനില്ക്കണമെന്നുവരുന്നതു ഒരു പമ്പരവിഡ്ഢിത്തമല്ലാതെ മറെറന്താണ്? സത്യം ആരുപറഞ്ഞാലും അതു സത്യമാണെങ്കിൽ അതിനെ വിശ്വസിക്കാൻ ആളുടെ നിറവും വംശവും നോക്കേണ്ടതുണ്ടോ? ഈവിധം ചിന്തിക്കുന്നവനും പറയുന്നവനും മാത്രമെ സത്യാന്വേഷിയാകൂ എന്നും, മററുള്ളവർ എത്ര നേരുപറഞ്ഞാലും അതു നേരാകാൻ തരമില്ല എന്നുള്ള ചില പാർട്ടിയുടെ അടിസ്ഥാന തത്വങ്ങളുണ്ടല്ലൊ അതാണ് നമ്മുടെ സാഹിത്യത്തിന്നുള്ള കോട്ടം. ഭാവനയുടെ പൂഞ്ചിറകിട്ടടിച്ചുകൊണ്ട് സാഹിത്യാരാമത്തിൽ സ്വതന്ത്രമായി പാടിപറക്കുന്ന കവികോകിലങ്ങളെ പിടിച്ച് ഒരു നല്ല സുവർണ്ണക്കൂട്ടിലിട്ട് പാലും പഴവും കൊടുത്ത് അമ്മൂട്ടി നിങ്ങൾ മധുരമായി പറയണം— "എന്റെ നാടിനെപററി ഒരു പാട്ടു് പാടൂ" എന്ന്. ഒരു പക്ഷെ അതു് പാടിയേക്കാം. ആ പാട്ടിന്നു് കർണ്ണസുഖമുണ്ടാകാൻ തരമില്ല. കാരണം അതു നിങ്ങൾക്കുവേണ്ടി മാത്രം പാടിയതാണ്. അപ്പോൾ നിങ്ങളുടെ ആശയവും ഇഷ്ടവും ഒത്തിണങ്ങിയതും നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് പാടിയതും നിങ്ങളേക്കാൾ സർവ്വചരാചരങ്ങളുടേയും ബന്ധുവായ ആ കവികോകിലത്തെകൊണ്ട് പാടിച്ചാലെ നിങ്ങളുടെ ഭാഗത്തേക്ക് കുറെപേരെ ആകർഷിക്കുവാൻ തരമാകൂ. മാർക്സിയൻ ചിന്താഗതിയുടെ മൂശയിൽ വാർത്തെടുത്ത സാഹിത്യസൃഷ്ടികളെല്ലാം മേൽപറഞ്ഞ തരത്തിൽ പെട്ടതാണെന്നുള്ളതു് ശ്രദ്ധിച്ചുവായിച്ചാൽ മനസ്സിലാകും. അങ്ങിനെയുള്ളവയുടെ പേരെടുത്തു് പറയേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. കേരളക്കരയിൽ ഇടക്കാലത്തുവെച്ച് അത്തരത്തിൽ ഒട്ടേറെ സാഹിത്യഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. പുസ്തകങ്ങളുടെ പ്രചാരത്തെ അടിസ്ഥാനപ്പെടുത്തി സാഹിത്യ

(ശേഷം 15-ാം പേജിൽ)



# നമ്മുടെ നാട്.

ഭാരതമേദിനീ ദേവി — പരി
പാവനപൂജ്യപദവി

ലോകത്രയങ്ങളിലോർത്താൽ — ആക്ര-
മായത്തമാകാത്ത മട്ടിൽ

ശ്രീ "ഗാന്ധി" ദേവോപദിഷ്ടം — സർവ്വം
ശ്രീമയമസ്ത്രവിശേഷം

'അക്രമരാഹിത്യ'മെന്ന — ദിവ്യ
ചക്രം "സുദർശന"മൊന്നാൽ

സ്വാതന്ത്ര്യസായൂജ്യമേറി — അഖി
ലാദർശശിലയായ് മാറി.

വാസരകോടികളെത്ര — സ്വാത
ന്ത്ര്യോത്സവാകാംക്ഷയിലത്ര

**തെക്കേക്കുന്നത്ത് ഓമനകുമാരി**

ഭാരതോർവ്വി തള്ളിനീക്കി — വെറും
ഭാരമായ് നാളുകൾ പോക്കി.

സ്വാതന്ത്ര്യപ്പൊൻമുടിചാർത്താൻ — പെട്ടൊ
രാതങ്കമെത്രയാണോർത്താൽ!!

നൂറുനൂറാണ്ടുകൾശേഷം — ദേവി
യ്ക്കേറുന്നു നൂതനതോഷം.

പാരതന്ത്ര്യപ്പുകമൂടി — കഷ്ടം!
മാരോമൽ പൂന്തനുവാടി

ഭാരതാംബാവീർപ്പുമുട്ടി — കൊടും
കൂരിരുളിൽ കരൾപൊട്ടി

നീണ്ടനെടുങ്കൻ ദിനങ്ങൾ — എത്ര
നീക്കിയോരോരോ യുഗങ്ങൾ!

എങ്കിലുമാക്കാലമൊന്നും — ഭയ
പങ്കിലയായില്ല ദേവി.

ഖഡ്ഗ, കൃപാണങ്ങളൊന്നും — തൻകൈ
ത്താരുകൾ തീണ്ടിയില്ലന്നും.

പോരിനുത്തേജനമേകാൻ — രണ
ഭേരി മുഴക്കിയോളല്ലാ

ആഹവ വൈജയന്തിയ്ക്കായ് — ജയ
കാഹളമൂതിയോളല്ലാ

വീരമാതാവിദ്ധരിത്രി — ആർഷ
ഗൌരവത്തിൻ ജനയിത്രി.

ഭാരതമേദിനീതൻറ — ദിവ്യ
ധീരസഹിഷ്ണുത കണ്ടോ?

കണ്ടവർ കണ്ടവർ ഞെട്ടി — ബ്രിട്ടീഷ്
തണ്ടുതകർന്നുപാഞ്ഞോടി.

വൈരികൾക്കേററപമാനം — ഇന്നു
ഭാരതാംബയ്ക്കഭിമാനം.

മർദ്ദിതമാനവവ്യൂഹം — തേടും
ദഗ്ദ്ധഹൃദയാന്തർദാഹം

സർവ്വം ശമിച്ചുനിർക്ഷോഭം; — ദേവി
യ്ക്കുർവ്വിയിൽ നൂതനാനന്ദം.

ഭാരതമേദിനീയാളിൻ — ഭാവി
ഭാസുരമാവണമെങ്കിൽ

ജാതിമതാദികൾ ചൊല്ലി — വൃഥാ
ജാതരോഷം തമ്മിൽതല്ലി

ഈശ്വരനേകം സമയം — വെറും
വാശിയാൽ വ്യർത്ഥമാക്കാതെ

ഹിന്ദു-മുസ്ലീം സോദരരേ! — നമ്മ
ളേന്തണം സൌഹാർദ്ദമേറെ.

വർഗ്ഗീയവിദ്വേഷം പോയാൽ — നവ
സ്വർഗ്ഗീയ നിർവൃതിനേടാം.

ആവതുംയോജിച്ചിണങ്ങി — ദേശ
സേവനത്തിന്നെന്തു ഭംഗി!!

ഭാരതാദർശങ്ങൾ പാടി — പാദ
മീരടിയ്ക്കൊത്തു ചാഞ്ചാടി

പോകാമചഞ്ചലരായി — മുന്നോ-
ട്ടാകാംക്ഷയോടണിയായി.

രാഷ്ട്രപിതാവിന്നഭാവം — നമ്മിൽ
പററാതെ പോററുന്നുദൈവം.

ത്തിനു് നിലയിലുള്ള സമ്പ്രദായം ഉപേക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. യഥാർത്ഥ സാഹിത്യത്തിനു മാത്രമെ ദേശകാലങ്ങളെ അതിജീവിക്കാൻ കഴിയുകയുള്ളു. അങ്ങിനെയുള്ളവ വളരെ വിരളമാണു. വിശ്വസാഹിത്യത്തിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളവ നന്നേ ചുരുങ്ങും. പ്രകൃതിയെതന്നെ മാററി മറിച്ച് ഒരു പുതിയ ലോകത്തെ സൃഷ്ടിക്കുവാനുതകുന്ന വിധം ശാസ്ത്രസംബന്ധമായി മനുഷ്യൻ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ ആററംയുഗത്തിൽ ഇങ്ങിനെയുള്ള വാദഗതി ഒരുപക്ഷെ ശ്രദ്ധിച്ചില്ലെന്നുവരാം. അതു തെററായ ഒരു ധാരണയല്ലാതെ മറെറന്താണ്. മനുഷ്യൻ ഇന്നു എത്രകണ്ട് പുരോഗമിച്ചിട്ടുണ്ടെങ്കിലും അവന്റെ ശക്തിക്കതീതമായ ചില വസ്തുതകൾ ഇന്നും ഉണ്ടെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. അതിന്റെ മുമ്പിൽ അവൻ മുട്ടുകുത്തുകതന്നെ ചെയ്യും. പ്രകൃതിയിൽ ലീനമായി കിടക്കുന്ന സൌന്ദര്യമാകുന്ന ആ പരമസത്യത്തെ ഒരു ആററം ബോംബിനൊ ഹൈഡ്രജൻ ബോംബിനൊ കൈവരുത്തുവാൻ സാദ്ധ്യമല്ല. സത്യത്തിലധിഷ്ഠിതമായ സ്നേഹത്തെ അഥവാ സാഹോദര്യത്തെ ഒരു ശക്തിക്കും കീഴ്പെടുത്താൻ സാദ്ധ്യമല്ല. കൃത്രിമമാർഗ്ഗങ്ങളിൽകൂടിയൊ പ്രലോഭനങ്ങൾവഴിയായൊ അല്ല, ഈ ഇരുപതാംനൂററാണ്ടിലെ മാരകായുധങ്ങൾവഴിയായൊ കൈവരുത്താൻ സാധിക്കുന്നതൊന്നല്ല. ഏതുശാസ്ത്രജ്ഞന്മാരും മുട്ടുകുത്തുന്നതു് ഇതിന്റെ മുമ്പിലാണ്. എല്ലാ സാഹിത്യത്തിന്റേയും കാതൽ അതായിരിക്കണം. നല്ല സാഹിത്യസൃഷ്ടികൾ ഉടലെടുക്കുന്നതു് പരമമായ ആ ലക്ഷ്യത്തിൽനിന്നായിരിക്കും. പരിതസ്ഥിതികളുടെ പിററിയായ മനുഷ്യന്നു് പെട്ടെന്നു് അതിനെ കണ്ടെത്തുവാൻ സാധിച്ചെന്നുവരില്ല. ഭാവനാസമ്പന്നരും ചിന്താശീലരുമായ സാഹിത്യകാരന്മാർക്കു മാത്രമെ അവ മുൻകൂട്ടി കാണാനും അതിന്നനുസരിച്ച് മററുള്ളവരെ നിയന്ത്രിക്കാനും സാധിക്കുകയുള്ളു. അപ്പോൾ അറിഞ്ഞുകൊണ്ടു് സാമാന്യജനത്തെ താനും തന്റെ പാർട്ടിയും ഇച്ഛിക്കുന്ന സംഘടനയിലേക്ക് ആകർഷിപ്പിച്ച് അവരുടെ സഹൃദയത്വത്തെ ചോദ്യം ചെയ്യുന്ന സാഹിത്യകാരന്മാരുടെ പടവെട്ട് അവസാനിച്ചെ മതിയാകൂ.

ജീവിതത്തിന്റെ പേശികളിൽ ചുഴ്ന്നുകിടക്കുന്ന സത്യാസത്യങ്ങളെ കണ്ടെത്തി മനുഷ്യനന്മക്കുതകുന്ന സന്മാർഗ്ഗത്തിൻേറതായ പ്രകാശത്തെ കാണിച്ചുകൊടുക്കുകയായിരിക്കണം യഥാർത്ഥ സാഹിത്യകാരന്റെ കടമ. സാഹിത്യകാരനാരും രാഷ്ട്രീയപ്രവർത്തകനായും മനുഷ്യനന്മക്കുവേണ്ടിയാണല്ലൊ നിലകൊള്ളുന്നതു്. ഇരുകൂട്ടരുടേയും പ്രതിപാദനത്തിനും പ്രതിപാദ്യത്തിനും തമ്മിൽ വലിയ അന്തരമുണ്ട്. മനുഷ്യനായ സാഹിത്യകാരനു് ഈ ഭൂമുഖത്തു കാണുന്ന സർവ്വ ചരാചരങ്ങളും തന്റെ സാഹിത്യസൃഷ്ടിക്കുള്ള ഉപകരണങ്ങളാണ്. എല്ലാവരെകുറിച്ചും പറയാനും ചിന്തിക്കാനുമുള്ള അധികാരം അവനുണ്ട്. അവൻ കൈവെക്കാത്തതായ ഒന്നും ഈ പ്രപഞ്ചത്തിലില്ല. വികാരവിചാരങ്ങളെ ഇണക്കികൊണ്ട് തന്റെ കലയെ ബഹുജനസമക്ഷം അവതരിപ്പിക്കുന്നതിനു അവനു് നന്നെ ക്ലേശിക്കേണ്ടിവരുന്നു. പരിവർത്തനത്തിന്റെയും വൈപരീത്യങ്ങളുടേയും മേളനമാണല്ലൊ ജീവിതം. അങ്ങിനെയുള്ള ജീവിതത്തെ സമതുലനഭാവം എന്നാൽ പരിവർത്തനോന്മുഖവുമായി കാണുവാനുള്ള കഴിവ് ഏതു സാഹിത്യകാരനുണ്ടൊ, അവനാണു് യഥാർത്ഥസാഹിത്യകാരൻ. അവന്റെ കൃതികൾ എന്നും എക്കാലവും ആദരണീയമായിരിക്കും. ദേശകാലങ്ങളെ അതിജീവിക്കും. വിശക്കുന്നവനു് താരാട്ട് കേൾപ്പിച്ചതുകൊണ്ടൊ, ദരിദ്രനെ മനപ്പായസമൂട്ടിയതുകൊണ്ടൊ ഒരു ഫലവുമില്ല. അത്തരത്തിലുള്ള സാഹിത്യസൃഷ്ടികൾ എത്ര ഉൽകൃഷ്ടങ്ങളായാലും അവ ത്യാജ്യകോടിയിൽ തള്ളേണ്ടതുതന്നെയാണ്. സാഹിത്യകാരന്റെ ദൃഷ്ടിയിൽ മനുഷ്യരെല്ലാം സമമാണ്. മർദ്ദകനെന്നൊ മർദ്ദിതനെന്നൊ ഉള്ള വ്യത്യാസം ഒരിക്കലും ഉണ്ടാകാൻ പാടുള്ളതല്ല. കലാകാരൻ എല്ലാവരുടേയും ബന്ധുവാണ്. എന്നാൽ മനുഷ്യാവകാശങ്ങളെ തൃണവൽഗണിച്ചുകൊണ്ട് രാജ്യത്തു് അസ്മതം സൃഷ്ടിക്കുന്ന സമ്പ്രദായത്തെ ഒരു യഥാർത്ഥ സാഹിത്യകാരൻ എതിർക്കാതിരിക്കയില്ല. അതിന്നായി അവനു ആരുടേയും ഉപദേശം തേടേണ്ടതില്ല. അങ്ങിനെ അസമത്വാധിഷ്ഠിതമായ സമ്പ്രദായത്തെ സ്വായംവെക്കുന്നതോടൊപ്പം സേച്ഛാധിപത്യത്തേയുംപൊറുപ്പിക്കാൻപാടുള്ളതല്ല. ആഹാരനീഹാരാദികളെപ്പോലെ അഭിപ്രായസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം എന്നിവ മനുഷ്യന്നു് ഒഴിച്ചുകൂടാൻവയ്യാത്തതാണ്. മാർക്സിയൻ ചിന്തകളിൽകൂടി ഉരുകിവാന്ന് വരുന്ന സാഹിത്യത്തിനെ മനുഷ്യന്റെ നന്മക്കുവേണ്ടി നിലനിൽക്കാൻ കഴിയുകയുള്ളു എന്നു പറയുന്നതു വെറും വങ്കത്തമാണ്. സ്റ്റാലിനിസ്റ്റുകളല്ലാത്ത എന്നു പറഞ്ഞാൽ സ്റ്റാലിൻ ചിന്താഗതിക്കനുയോജ്യമല്ലാത്ത

ശേഷം 24–ാംപേജിൽ

# പുനർജ്ജന്മസിദ്ധാന്തം.

(M. D. KURUP)

ആദ്ധ്യാത്മിക പണ്ഡിതന്മാരായ പലരും സംശയദൃഷ്ട്യാ വീക്ഷിക്കുന്ന ഒരു വിഷയമാണ് പുനർജ്ജന്മസിദ്ധാന്തം. ഈ വിഷയത്തെപ്പററി അനേകം വർഷങ്ങളായി ചിന്തകന്മാരായ നിരൂപകന്മാർ ഓരോരൊ ഭാഗംപിടിച്ചു നിരൂപണം ചെയ്തുപോയിട്ടുണ്ട്. അവക്ക ആക്കും തന്നെ അനുവാചകന്മാക്ക സംശയരഹിതമായ ഒരു സമാധാനം നൽകുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു അതെ ചോദ്യംതന്നെ വീണ്ടും ഞാൻ ചോദിക്കുന്നു സമാധാനം നൽകേണ്ടതു പണ്ഡിതന്മാരുടെ ചുമതലയാണ്. വാദിക്കുവാനൊ ജയിക്കുവാനൊ അല്ല; യുക്തിയുക്തവും ശാസ്ത്രീയവുമായ ഒരു സമാധാനം കണ്ടെത്തുവാൻ മാത്രം. പൊതുവെ ജനങ്ങൾ ഗ്രഹിച്ചു വശായിട്ടുള്ളതുപോലെ ഞാനും ഒരു പുനർജ്ജന്മവിശ്വാസിയാണ്. പക്ഷെ സമാധാനം കാണാത്ത ചില ചില്ലറ ചോദ്യങ്ങൾ എന്റെ ശാന്തമായ മനോമണ്ഡലത്തെ ഇടക്കിടെ കലുഷമാക്കാറുണ്ട്. അതാണ് ഈ ലേഖനത്തിന്ന് ഇടയാക്കിയതു്

നാം ഐഹികങ്ങളായ എല്ലാവിധ സുഖസൌകയ്യങ്ങളേയും തൃണവൽഗണിച്ചു സന്ന്യാസം സ്വീകരിക്കുന്നു; തപം ചെയ്യുന്നു. എന്തിന്നുവേണ്ടി? അടുത്ത ജന്മത്തിൽ—അഥവാ ഈ ജന്മംകൊണ്ടുതന്നെ ശാശ്വതമായ ശാന്തിയും സമാധാനവും കിട്ടുവാൻ; പക്ഷെ അങ്ങിനെ ഒരു ജന്മമുണ്ടൊ? ഉണ്ടാകുവാൻ അവകാശമുണ്ടൊ? ഈ വിഷയങ്ങളെപററി ജീവിച്ചിരിക്കുന്നവരിൽ ആക്കുംതന്നെ നിശ്ചയമില്ല. മരിച്ചവർ വീണ്ടും വന്നതായി കേട്ടിട്ടില്ല. പിന്നെ എങ്ങിനെ ഇതുണ്ടായി. മററ ശാസ്ത്രങ്ങളെ രൂപപ്പെടുത്തിയതുപോലെ ഇതു് പ്രത്യക്ഷാനുമാനങ്ങൾ മാത്രം അവലംബമാക്കി തീച്ചപ്പെടുത്താവുന്ന ഒന്നല്ല. കാരണം അനുമാനം മാത്രമെ ഇതിന്നുപോൽബലമായിട്ടുള്ളു. അതുകൊണ്ടു ചിന്തകന്മാരായ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളെ താരതമ്യേന പരിശോധിച്ചു യുക്തിയുക്തമായ ഒരു മാർഗ്ഗത്തിൽകൂടെ നമുക്ക അല്പം സഞ്ചരിക്കാം—ശാസ്ത്രങ്ങൾ പറയുന്നു; കഴിഞ്ഞ ജന്മത്തിൽ ചെയ്തിട്ടുള്ള പാപപുണ്യകർമ്മങ്ങളുടെ ഫലമാണ നാം ഈ ജന്മത്തിൽ അനുഭവിക്കുന്നതു്. എങ്ങിനെയെന്നാൽ,

"സാദ്ധ്വീം ഭായ്യാം ചയോമർത്ത്യ
പരിത്യജതി കാമതഃ
ഗ്രഹണീരോഗസംയുക്ത
സദാഭവതി മാനവഃ"

യാതൊരുത്തനാണൊ, പതിവ്രതയായ തന്റെ ഭാര്യയെ കാമംകൊണ്ടു പരിത്യജിക്കുന്നതു് അയാൾ അടുത്ത ജന്മത്തിൽ ഗ്രഹണിരോഗിയായി ഭവിക്കുമെന്നു (ശിവഗീത,)

ക്ഷീണേന്ദുദശായോഗേ
ചിഹ്നാന്യേതാനിലക്ഷയേദ്വാദ്വാൻ
ഉദരാമയ ജ്വരശിരോ
ന്നയനോൽക്ലേശഃ പ്രജായതേ പുംസാം.

ക്ഷീണചന്ദ്രന്റെ ദശാകാലത്തു ജനിക്കുന്നവന്നു ഉദരവ്യാധി വരുമെന്നു (ജ്യോതിശ്ശാസ്ത്രം.)

ഏകശ:സവ്വശശ്ചാപി
ദോഷൈരത്യത്ഥമൂർഛിതൈ
സാദ്ധ്വ്യോ ബഹുശോഭുക്ത
മാമമേവ വിമുഞ്ചതി
പക്വംവാസരുജം പൂതി
മുഹുർബദ്ധം മുഹുർദ്രവം
ഗ്രഹണീരോഗമാഹുസ്ത-
മായുർവ്വേദ വിദോജനാഃ

എന്നു (ആയുർവ്വേദം)

അപ്രകാരംതന്നെ

ഹസ്തിധേനശ്വശഘാതീച
കൃമികുക്ഷിർഭവേന്നരഃ

എന്നും,

മൃതേ ഭർത്തരി യോ നാരീ
വിലാസം പ്രധാരയേൽ
നാമൃതാ നരകം യാതി
കൃമി കുക്ഷിസ്തതഃ പരം

എന്നും ശിവഗീത

സംജ്ഞാരഹിതോ വികലോ
വ്യാധി വിബാധ: കൃമിക്ഷപിത ദേഹഃ
വിധനാവസ്ഥ രജനികരേ
സ്വല്പായുർഭവതി സക്ഷീണേ

എന്നു ജ്യോതിശ്ശാസ്ത്രം.

അജീർണ്ണ ഭോജി മധുരാമ്ലനിത്യ
ദ്രവപ്രിയഃ വിഷ്ഠഗുഡോപഭോക്താ
വ്യായാമവർജ്ജീ ച ദിവാശയീ ച
വിരുദ്ധഭുക്കും ലഭതേ കൃമീംശ്ച

എന്നു ആയുർവ്വേദം.

ഈവിധം താരതമ്യേന ഒരേ വിഷയംതന്നെ നാനാവിധത്തിൽ കാണുകയും അതാതു മാർഗ്ഗങ്ങളിൽനിന്നു തന്നെ സമാധാനം കാണുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. രോഗം പ്രത്യക്ഷാനുഭവമാണ്. പക്ഷെ ആഗമത്തെപററി മാത്രമെ സംശയമുള്ളു. അതുകൊണ്ടു അവർ നിർദ്ദേശിച്ചിട്ടുള്ള സമാധാനം ഫലവത്തരമാണൊയെന്നു അനുഭവത്തിൽ അറിയേണ്ടതായിരിക്കുന്നു. ഗ്രഹണീരോഗശാന്തിക്ക്,

ധേനും സദക്ഷിണാംദദ്യാൽ
സവത്സാഭരണാന്വിതാം
പയസ്വിനീം ഗുണോപേതാം
ബ്രാഹ്മണായ വിശേഷതഃ

അതായതു് ആഭരണങ്ങളണിയിച്ചിട്ടുള്ള ഒരു പശുക്കുട്ടിയോടുകൂടിയ കറക്കുന്ന നല്ലൊരു പശുവിനെ ബ്രാഹ്മണനായിക്കൊണ്ടു ദാനം ചെയ്യണമെന്നും, അപ്രകാരം തന്നെ നവഗ്രഹങ്ങളിൽ ഏതേതുകൾക്കാണൊ ദോഷയോഗങ്ങൾ സംഭവിച്ചിട്ടുള്ളതു് അവയെ അറിഞ്ഞു യഥാവിധി പൂജിക്കുവാൻ ജ്യോതിശ്ശാസ്ത്രവും നിർദ്ദേശിക്കുന്നു. എന്നാൽ പശുദ്ദാനംകൊണ്ടൊ നവഗ്രഹപൂജകൊണ്ടൊ അത്തരം രോഗങ്ങൾക്കു ശാശ്വതമായ സമാധാനം ഉണ്ടായിക്കണ്ടിട്ടില്ല. എന്നാൽ ഔഷധപ്രയോഗം അനുഭവവേദ്യമായും കാണുന്നു. ഈ നിലയിൽ ചിന്തിക്കുമ്പോൾ മേൽപറഞ്ഞ അഭിപ്രായങ്ങളെ അംഗീകരിക്കുന്നതിൽ സന്ദേഹത്തിനു അവകാശമുണ്ട്. മാത്രമല്ല; ഈവിധം പൂർവ്വജന്മാർജ്ജിതമായ രോഗശാന്തിക്കുള്ളതെല്ലാംതന്നെ ബ്രാഹ്മണരെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു പ്രസ്തുത ശാസ്ത്രങ്ങൾ ബ്രാഹ്മണരുടെ വംശാഭിവൃദ്ധിക്കുവേണ്ടി പടച്ചുവിട്ടതാണൊയെന്നുംകൂടെ അനുമാനിക്കുന്നതിൽ തെററില്ല. അപ്രകാരമാണെങ്കിൽ ആകാശകുസുമം തേടിനടക്കുന്നതുപോലെ ഇതു് പരിഹാസത്തിനു ഇടവരുത്തുകയുള്ളു. അത്തരം കപടപ്രമാണങ്ങളെ ചിന്തകന്മാരായ പലരും ഖണ്ഡിക്കുകയാണു ചെയ്തിട്ടുള്ളതു്.

"പശുശ്ചേന്നിഹതഃ സ്വർഗ്ഗം
ജ്യോതിഷ്ടോമെ ഗമിഷ്യതി
സ്വപിതായജമാനേന
തത്ര കസ്മാന്നഹിംസ്യതേ"

ജ്യോതിഷ്ടോമം എന്ന യാഗത്തിൽ അറക്കുന്ന പശു സ്വർഗ്ഗത്തിൽ എത്തുമെന്നു പറയുന്ന പണ്ഡിതന്മാരെ നിങ്ങൾ നിങ്ങളുടെ പിതാവിനേയും, ഗുരുവിനേയും ആ യാഗത്തിൽ ബലികഴിച്ചു സ്വർഗ്ഗത്തിൽ അയക്കാത്തതു എന്തുകൊണ്ടു് എന്നു ചാർവ്വാകൻ തന്റെ ദർശനത്തിൽ യാഗാദികർമ്മങ്ങളുടെ ദൌർബ്ബല്യത്തെ ഹാസ്യരസത്തിൽ നിഷേധിച്ചിട്ടുള്ളതു മററും ഇതിനുദാഹരണമാണ്.

അതുകൊണ്ടു പുനർജ്ജന്മസിദ്ധാന്തം കർമ്മവാദത്തിന്റെ അടിത്തറയായി കെട്ടിപ്പടുത്തതാണെന്നു മാത്രം പറയുവാനെ നിർവ്വാഹമുള്ളു. തന്നെയല്ല; പാപം, പുണ്യം എന്നീ കർമ്മങ്ങൾ ഏതൊക്കെയാണെന്നു ഇതേവരെയുണ്ടായേടത്തോളം ശാസ്ത്രങ്ങളെക്കൊണ്ടു ശരിയായ സമാധാനം ഉണ്ടായിട്ടില്ല. പണ്ടു ഉടൻ തടിച്ചാട്ടം സാധുവായിരുന്നു. ഇന്നു അതു പാപമായി പണ്ടു ശൂദ്രൻ തപംചെയ്യുന്നതു പാപമായിരുന്നു. ഇന്നു ശൂദ്രൻ തപംചെയ്യാതിരിക്കുന്നതാണ് പാപം.

"സുരാപബ്രാഹ്മണംതാത
നിഷിദ്ധസുരശൂദ്രകം
സ്വൈരവൃത്തിസതീകശ്ച
കശ്ചിൽ കാലം സ്മരാമ്യഹം"

ബ്രാഹ്മണന്മാർക്കു മദ്യം കുടിക്കാമെന്നും, ശൂദ്രന്മാർക്കു മദ്യപാനം പാടില്ലെന്നും, പതിവ്രതകൾക്കു വ്യഭിചരിക്കാമെന്നും നിയമം സമ്മതിച്ചിരുന്ന ഒരു കാലത്തെ പററി ഞാൻ ഓർക്കുന്നുണ്ടെന്നായി വസിഷ്ഠൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ചില രാജ്യങ്ങളിലെ ആചാരങ്ങൾ മററു ചില രാജ്യങ്ങളിൽ പാപമായിക്കരുതുന്നു. ജപ്പാനിൽ വയർ കീറി സ്വയം മരിക്കുന്നതു പുണ്യമാണ്. ഇന്ത്യയിൽ ആത്മഹത്യ ഒരു പാപമായി കരുതുന്നു. തന്നെയല്ല; പ്രകൃതിതന്നെ പാപപങ്കിലമായ

(ശേഷം 20-ാംപേജിൽ)

# ജ്യോതിശ്ശാസ്ത്രം :: നടവരമ്പത്തു് കൃഷ്ണക്കുറുപ്പ്.

ബലമായ് പിടിച്ചു ചെറുവള്ളിയാലുലൂ
ഖലമോട്ടമേൽത്ത ജനനീമുഖാംബുജം
നലമോടുകണ്ടുകരയും കിശോരനാം
കുലദൈവമെ, തരിക കൃഷ്ണമംഗളം.

തേജോരൂപികളായ സൂര്യ്യാദിഗ്രഹഗോളങ്ങളുടേയും നക്ഷത്രഗോളങ്ങളുടേയും, ഗതിഭേദംകൊണ്ടു് ഭൂലോകവാസികളായ ജീവികൾ അനുഭവിക്കുന്ന സുഖദുഃഖാദ്യവസ്ഥകളെ സൂചിപ്പിക്കുന്ന ശാസ്ത്രത്തെയാണു് ജ്യോതിശാസ്ത്രമെന്നു പറയുന്നതു്. അതിനെ നല്ലവണ്ണമറിഞ്ഞു പ്രാചീനന്മാരായ ബ്രഹ്മാവു്, സൂര്യ്യൻ, വസിഷ്ഠൻ, അത്രി, മനു, പൌലസ്ത്യൻ, രോമശൻ, മരീചി, അംഗിരസ്സ്, വ്യാസൻ, നാരദൻ, ശൌനകൻ, ഭൃഗു, ച്യവനൻ, യവനൻ, ഗർഗ്ഗൻ, കാശ്യപൻ, പരാശരൻ ഇങ്ങിനെയുള്ള 18 ഹോരാതന്ത്രജ്ഞന്മാർ, ഹോരാശാസ്ത്രത്തെ പ്രബന്ധരൂപമാക്കി ജനോപകാരത്തിന്നായി എഴുതിത്തീർത്തിട്ടുണ്ടു്. അതിന്നുശേഷം വരാഹാചാര്യ്യൻ, കല്ല്യാചാര്യ്യൻ മുതലായ നവീനഹോരാശാസ്ത്രജ്ഞന്മാർ എഴുതിയിട്ടുള്ള ഹോരാ പ്രബന്ധങ്ങളിൽവെച്ചു വരാഹാചാര്യ്യരുടെ കൃതിയാണു് ഉൽകൃഷ്ടപദവിയിൽ ചേർന്നിരിക്കുന്നതു്. ആ വരാഹാചാര്യ്യരുടെ കൃതികളിൽ വരാഹഹോര അദ്ദേഹമുണ്ടാക്കിയ സകല ഗ്രന്ഥങ്ങളിലും ശ്രേഷ്ഠമെന്നു വരാഹഹോരയിൽ കാണിച്ച

"സ്വല്പം വൃത്തവിചിത്രമർത്ഥബഹുലം
ശാസ്ത്രപ്ലവംപ്രാരഭേ!"

എന്നു പറഞ്ഞ ഭാഗംകൊണ്ടു സിദ്ധിക്കുന്നു. ആ വരാഹഹോരയിൽനിന്നും ചില പദ്യങ്ങൾ ജ്യോതിശാസ്ത്രപാണ്ഡിത്യം കുറഞ്ഞവർക്കു് എളുപ്പത്തിൽ അറിയത്തക്കവണ്ണം ഭാഷയാക്കി ഇവിടെ എഴുതുന്നു.

"മൂർത്തിത്വേ പരികല്പിതശ്ശശഭൃതോവർത്മാപുനർജ്ജന്മനാം മാത്മേത്യാത്മവിദാം ക്രതുശ്ചായജതാം ഭർത്താമരജ്യോതിഷാം ലോകാനാം പ്രളയോദയസ്ഥിതിവിഭുശ്ചാനേകധായഃ ശ്രുതൌ വാചംനസ്സദദാതചനേകകിരണ സ്ത്രൈലോക്യ ദീപോരവിഃ — ഇതിന്റെ സാരം —:

അനേകകിരണഃ ത്രൈലോക്യദീപഃ സഃ രവിഃ നഃ വാചംദദാതു — അനേകകിരണനായി ത്രൈലോക്യ ദീപനായിരിക്കുന്ന ആ രവി ഞങ്ങൾക്കു് വാക്കിനെ ദാനംചെയ്യേണമെ എന്നാകുന്നു. മൂന്നു ലോകത്തിലും ദീപംപോലെ പ്രകാശിക്കുന്ന ആ സൂര്യ്യൻ ഞങ്ങൾക്കു് യഥാർത്ഥവും ന്യായയുക്തവുമായ വാക്കിനെ ദാനം ചെയ്യേണമെ (ആത്മാവിങ്കലും ഗുരുതചത്തിങ്കലും ബഹുവചനം പ്രയോഗിക്കുന്നതു് ഏകവചനത്തിന്റെ ഉപയോഗമെന്നു് ഗ്രഹിച്ചുകൊൾക) ആ ന്യായത്തെ അനുസരിച്ചു് എനിക്കു് വാക്കിനെ ദാനംചെയ്യണമെ എന്നാകുന്നു അർത്ഥം

ഇനി പറയുന്നതെല്ലാം സൂര്യ്യന്റെ വിശേഷണങ്ങളാകുന്നു. ശശഭൃതാ മൂർത്തിത്വേപരികല്പിതഃ എന്നു പറഞ്ഞതുകൊണ്ടു സൂര്യ്യൻ അസ്തമിച്ചതിന്നുശേഷം ആ സൂര്യ്യരശ്മികൾ ചന്ദ്രങ്കൽ പ്രതിഫലിച്ചു് ചന്ദ്രൻ തേജോരൂപിയായി തീരുന്നു. പ്രകൃത്യാ ചന്ദ്രൻ ജലമയനാകയാൽ തേജോരൂപിയല്ല. — ഘടം വെയിലത്തുവെച്ചാൽ സൂര്യ്യരശ്മിയുടെ വ്യാപ്തികൊണ്ടു് പകുതിഭാഗം തേജോരൂപമാകും, പകുതിഭാഗം കറുത്തനിറമായും കാണുന്നുണ്ടല്ലൊ? അതേപ്രകാരമാകുന്നു— ചന്ദ്രൻ സൂര്യ്യന്റെ ഗതിഭേദംകൊണ്ടു് ഈരണ്ടു നാഴികക്കു് തേജോരൂപത്തിന്നു കുറവും വർദ്ധനവും കാണുന്നു.

ബ്രഹ്മഗായത്രിയിൽ — "ഓം തൽസവിതഃ" എന്നുപറഞ്ഞതുകൊണ്ടു് ഗായത്രീദേവതയും സൂര്യ്യന്റെ അവസ്ഥാഭേദമാകുന്നു. അപുനർജ്ജന്മനാം വർത്മാ — സൂര്യ്യൻ അപുനർജ്ജന്മാക്കളുടെ വർത്മാവാകുന്നു പുനർജ്ജന്മമില്ലാത്തവർക്കു് മോക്ഷപ്രാപ്തിക്കു് പോകേണ്ടും മാർഗ്ഗമെന്നു് സാരം. എങ്ങിനെയെന്നാൽ ദേവായനം എന്നും പിതൃഅയനമെന്നും രണ്ടു മാർഗ്ഗങ്ങ

ളുണ്ട്. അതിൽ മോക്ഷഗാമികൾക്ക് പോകേണ്ടുംമാർഗ്ഗം സൂര്യായനമാണ്. പിതൃയാനം പുനർജ്ജന്മം ഉണ്ടാകുന്നവർ മരിച്ചാൽ പോകേണ്ടും മാർഗ്ഗമാണ്. സൂര്യമണ്ഡലമദ്ധ്യവർത്തീനാരായണ: എന്നു പറഞ്ഞതുകൊണ്ട് നാരായണൻ സൂര്യനിൽ അന്തർഭവിച്ചതാണെന്ന് സിദ്ധിക്കുന്നു.

ആത്മേത്യാത്മവിദാം — ആത്മവിദാം ആത്മ ഇതിമന: എന്ന അന്വയത്തിന്നു ആത്മജ്ഞാനികൾക്ക് ആത്മാവെന്നർത്ഥം. ആത്മജ്ഞാനികൾ സൂര്യനെ ആത്മാവെന്നു വ്യവഹരിച്ചുവരുന്നു എന്ന സാരം. ആത്മാവ് രണ്ടുവിധമാണ്. പരമാത്മാവെന്നും ജീവാത്മാവെന്നും. പരമാത്മാവ് സർവ്വസാക്ഷിയായി ഒന്നിനോടും ബന്ധിക്കാതെ സ്ഥിതിചെയ്തുവരുന്നു. ജീവാത്മാവ് സുഖാദികളെ അനുഭവിക്കുന്നു. "ഗുണകാമങ്ങൾ പോയാൽ മാനസമാത്മാവതാം" എന്ന് എഴുത്തച്ഛന്റെ കൃതിയായ കിളിപ്പാട്ടിൽ കാണുന്നുണ്ട്. അതിന്റെ സാരം ഗുണകാമബന്ധിയായിരിക്കുന്ന ജീവാത്മാവിനെയാണ് മനസ്സെന്നു വ്യവഹരിക്കുന്നത്. ആ അഭിപ്രായം വിശ്വാസയോഗ്യമായി തോന്നുന്നില്ല. അന്തഃകരണങ്ങൾ നാല്. മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം. ഇതിൽ മനസ്സ് വായുവിന്റെ അംശവും ചിത്തംഎന്നത് മനസ്സിന്റെ അവസ്ഥാഭേദവും ബുദ്ധി അഗ്നിയുടെ അംശവും അഹങ്കാരം ബുദ്ധിയുടെ അവസ്ഥാഭേദവും ആണ്. സുഖാദ്യനുഭവങ്ങൾ ജീവാത്മാവിന്നും മനസ്സിന്നും ഉണ്ട്. സുഖദുഃഖസാക്ഷാൽകാരകാരണേന്ദ്രിയത്വം – മനസോലക്ഷണം: എന്നു പറഞ്ഞ താർക്കികപക്ഷത്തെ അനുസരിച്ച് മനസ്സ് സുഖദുഃഖാദികളെ അനുഭവിച്ചുപോരുന്നു എന്നു സിദ്ധിക്കുന്നു. തേജോരൂപിയായിരിക്കുന്ന പരമാത്മാവിന്റെ ഛായയാണു ജീവാത്മാവ്. ക്രതുശ്ചയജതാം – യജതാംക്രതുഃ — സൂര്യൻ യാഗംചെയ്യുന്നവർക്ക് യാഗഫലത്തെ കൊടുക്കുന്നവനാകുന്നു. "അഗ്നൌ പ്രാസ്താഹു, തിസ്സമ്യഗാദിത്യമുപതിഷ്ഠതേ — ആദിത്യാജ്ജായതേ വൃഷ്ടിർവൃഷ്ടേരന്നം തത: പ്രജാ" എന്നുള്ള വചനത്തെ അനുസരിച്ച് യാഗംചെയ്യുന്നവർ അഗ്നിയിങ്കൽ ഹോമിക്കുന്ന അവിസ്സുകൾ സൂര്യനിൽ ചെന്നുചേരുന്നു. സൂര്യൻ അതിന്നുപകരമായി വേണ്ടകാലങ്ങളിൽ വർഷിച്ച് പ്രജകൾക്ക് സസ്യാദികളെ വർദ്ധിപ്പിച്ച് സുഖിപ്പിക്കുന്നു. സൂര്യകിരണങ്ങളെക്കൊണ്ട് ജലത്തെ ആകർഷിച്ച് വേണ്ടുംകാലങ്ങളിൽ വർഷിച്ച് സസ്യസമൃദ്ധിയുണ്ടാക്കുന്നു എന്നു സാരം.

ഭർത്താമരജ്യോതിഷാം — അമരജ്യോതിഷാം ഭർത്താ — അമരന്മാരുടേയും മററു ഗ്രഹനക്ഷത്ര ഗോളങ്ങളുടേയും അധിപതിയാകുന്നു. സൂര്യരശ്മികൾ വ്യാപിച്ച് മററു ഗ്രഹഗോളങ്ങൾക്കും നക്ഷത്രഗോളങ്ങൾക്കും തേജോവൃത്തിയെ ഉണ്ടാക്കുന്നതെന്നു സാരം.

ലോകാനാം പ്രളയോദയസ്ഥിതിവിഭു: — ഭൂലോകം ഭുവർല്ലോകം, സ്വർല്ലോകം, ഇങ്ങിനെ മൂന്നുലോകങ്ങളുടേയും നാശം, ഉല്പത്തി, സ്ഥിതി, ഇവകളെച്ചെയ്തുവരുന്നവനാണ് സൂര്യൻ. ഇവിടെ പ്രളയശബ്ദം ആദിയിൽ പ്രയോഗിച്ചതുകൊണ്ട് മരണത്തിന്നുശേഷം ജനനമുണ്ടെന്നു സൂചിപ്പിച്ചിരിക്കുന്നു. വേദത്തിങ്കൽ ഇപ്രകാരം വളരെ വിസ്തരിച്ചുപോരുന്ന ആ സൂര്യൻ എനിക്ക് യഥാർത്ഥമായും യുക്തിയുക്തമായും ഇരിക്കുന്ന വാക്കിനെ തരേണമെ എന്നാണ് കവിയുടെ പ്രാർത്ഥന. പിന്നെ കവി ഇഷ്ടദേവതയായിരിക്കുന്ന സൂര്യനെ പ്രശംസിച്ചിരിക്കകൊണ്ട് മംഗളസിദ്ധിയെ സൂചിപ്പിക്കുന്നു.

(തുടരും)

(17–ൽനിന്നു തുടർച്ച)

കർമ്മങ്ങളും എത്രയെത്ര നിർവ്വഹിക്കുന്നു. ഇതിന്നാരാണ് ഉത്തരവാദി? ഈവിധം പാപപുണ്യകർമ്മാനുമാനം തന്നെ സംശയാസ്പദമായിരിക്കെ പൂർവ്വകർമ്മാർജ്ജിത കർമ്മഫലം എങ്ങിനെ സാധൂരിക്കുവാൻകഴിയും?.........

.... .... .... .... .... .... ....

അല്ല ഇനി മറെറാരു പക്ഷമുണ്ടല്ലൊ. അതുംകൂടെ ചിന്തിക്കാം. മനുഷ്യനായി നാം ജനിച്ചുവളർന്നു മരിക്കുന്നു. ഈ കാലഘട്ടങ്ങളെ സഞ്ചിതാഗാമികപ്രാരബ്ധങ്ങളായ കർമ്മഫലങ്ങളും നിയന്ത്രിക്കുന്നു. അതിൽ ചില വിഭാഗങ്ങളുടെ ധർമ്മത്തോടുകൂടി വീണ്ടും നാം ജനിക്കുന്നു. എന്തിന്നായിക്കൊണ്ട്? കഴിഞ്ഞ ജന്മത്തിലെ പാപപുണ്യകർമ്മഫലങ്ങളും ഭുജിക്കുവാൻ! പക്ഷെ അപ്രകാരം ജനിക്കുന്നതു സ്ഥാവരാദികളിലൊ മറെറാ ആയിപ്പോയാൽ എങ്ങിനെ ആ പൂർവ്വകർമ്മഫലത്തെ അറിഞ്ഞു അനുഭവിക്കുവാൻകഴിയും! വാസനാബന്ധം എങ്ങിനെ പ്രവൃത്തിക്കും? അപ്രകാരം ജനിച്ചിട്ടുണ്ടെന്നും ജനിക്കുമെന്നും ശാസ്ത്രജ്ഞന്മാരായ പണ്ഡിതന്മാർ പറയുന്നുണ്ട് വാസിഷ്ഠം ഭാർഗ്ഗവോപാഖ്യാനം ഭൃഗുവിനോട് തന്റെ മകന്റെ പൂർവ്വജന്മങ്ങളെപററി പറയുന്നകൂട്ടത്തിൽ

"ക്ലേശംവിനാ നൽത്രിഗർത്തദേശേ ശൈവ
ദേശികനായി ഭവിച്ചാനനന്തരം
വേടരാജ്യത്തിൽ തവതനയൻ മുളം
കാടായിരുന്നു ധരിയ്ക്കാതപോനിധേ!

മാനായ് പിറന്നു ചെറുതായിട്ടന്നോരു
കാനനംതന്നിൽ തവതനയൻമുതെ!
പിന്നെ പനംകാടുതന്നിൽ തവസുതൻ
പന്നഗമായിക്കിടന്നിതു സന്മതെ!

നിന്മകനിങ്ങിനെ വാസനയാൽ പലേ
ജന്മങ്ങളും പൂണ്ടതിനററമില്ലേതുമേ!

അപ്രകാരംതന്നെ,

ദാശൂരോപാഖ്യാനത്തിൽ ശ്രീരാമനോടുവസിഷ്ഠൻ,
'ചാരുബുദ്ധേ' ചിലക്കാദ്യത്തെ ജന്മമാം
നൂറിൽപരമായിരിക്കും ചിലക്കഹൊ!
....................................................
കിന്നരഗന്ധർവ്വ വിദ്യാധരർ ചിലർ
എന്നല്ല രാമ! മഹോരഗന്മാർ ചിലർ
ആദിത്യശീതാംശുപാശി ഗംഗാധര–
മാധവാം ഭോരുഹ സംഭവന്മാർ ചിലർ

ഭൂതലേ ഭൂദേവ ഭൂപാല ഖോരുജ
പാദജന്മാരായിരിക്കുന്നിതു ചിലർ
ഉല്പലാക്ഷ! ചിലർ പുണ്യൌഷധീപത്ര
സൽഫലമൂലപതംഗങ്ങളാകുന്നു
താലതമാലകദംബജംബീരക
സാലാദികളായി നിൽക്കുന്നിതു ചിലർ

ക്ഷാരം ദധിഘൃതം ക്ഷീരം കരിമ്പിന്റെ
നീര് തേൻശുദ്ധജലമെന്നിവയായ്
നല്ല സമുദ്രങ്ങളായിരിക്കുന്നിതു
കല്പ്രബുദ്ധ! ചിലരെന്നു ധരിയ്ക്ക നീ
ദിക്കുകളായിരിക്കുന്നു ചിലർ, ചിലർ,
ചൊൽക്കൊണ്ടിടുന്ന സരിത്തുകളാകുന്നു
ജന്തങ്ങളേററമെട്ടുത്തു കുഴങ്ങീട്ട
മനുജനേത്രു! വിവേകമില്ലായ്കയാൽ

എന്നും മററും എത്ര വേണമെങ്കിലും ഉദാഹരിക്കുവാനുണ്ട്. ഈവിധം സ്ഥാവരങ്ങളിൽ ജന്മമെടുക്കേണ്ടതായിവന്നാൽ വാസനാബന്ധം എങ്ങിനെ നിലനിൽക്കും? വിവേകാനന്ദൻ മുതലായ ആദ്ധ്യാത്മിക പണ്ഡിതന്മാർ ഈ വിഷയത്തെ പരാമർശിച്ച സുദീർഘങ്ങളായ പ്രസംഗങ്ങളും ചെയ്തിട്ടുണ്ട്. പക്ഷെ അവ തികച്ചും ശരിയാണെന്നു പറയുവാൻ നിവ്വാഹമില്ല. അതുപോലെ ആചാര്യസ്വാമികളും, കബീർദാസ്, മുതലായ പലരും വേദശാഖകളായ ഉപനിഷത്തുക്കളുടെ മറയിൽ തങ്ങിനിന്ന് ഇതിന്നു സമാധാനം പറഞ്ഞിട്ടുണ്ട്. പക്ഷെ അവ കൂടുതൽ ആശങ്കകൾക്കിടംനൽകുകയാണുണ്ടായതു്. ഈ വിധം പ്രത്യക്ഷത്തിൽ നാം അറിയപ്പെടുന്ന വാസനാബന്ധം ഇന്ദ്രിയബോധത്തിൽനിന്നല്ലാതെ വരുവാൻ ന്യായമില്ല. രക്തശുക്ലങ്ങളിൽ മാതാപിതാക്കന്മാരുടെ മാനസീക പ്രചോദനാംശങ്ങളും ലയിച്ചിരിക്കും. അതു ശൈശവത്തിൽ അല്പസ്വല്പമായി പ്രതിഫലിച്ചുകാണുന്നതാണ് കുട്ടികളിൽ അനുഭവപ്പെടുന്ന വാസനാബന്ധം. ഈ വിഷയത്തെ അധികരിച്ചുംകൊണ്ടു സുശ്രുതാചാര്യൻ സുശ്രുതംഗർഭോൽപത്തിപ്രകരണത്തിൽ താഴെ കാണുംപ്രകാരം വിവരിച്ചിരിക്കുന്നു. ശുക്ലം ഗർഭമായി പിന്നീട് അതൊരു പൂർണ്ണജീവിയായിത്തീരുന്നു. ഒരു ജീവിയുടെ ശുക്ലത്തിന്നു അതുപോലെ മറെറാരു ജീവിയായിത്തീരുവാൻ സാധിക്കണമെങ്കിൽ ആ ജീവിയുടെ ശാരീരികമായും, ആത്മീകമായുമുള്ള സർവ്വ ഭാഗങ്ങളും അതിൽ അതിസൂക്ഷ്മമായിരിക്കണം. അപ്രകാരമുള്ള സൂക്ഷ്മകണങ്ങളുടെ ഒരു സംഘമാണ് ശുക്ലം. ജീവി

# വിദേശമൂലധനം ഇന്ത്യയിൽ

ടി. എസ്സ്. ഗോപാലകൃഷ്ണൻ ബി. കോം.

പഞ്ചവത്സരപദ്ധതികൾക്കായും, മാർഷൽ പ്ലാൻ മൂലമായും, കൊളമ്പു സഹായപദ്ധതി അനുസരിച്ചും മററും പലപ്രകാരേണയും ഇന്ത്യയിലേക്കു വിദേശീയ മൂലധനം ഇന്നു് കുത്തിഒലിച്ചുവന്നുകൊണ്ടിരിക്കുന്നു. ഈ ഘട്ടത്തിൽ, നാം അതിൻെറ വിവിധ വശങ്ങളെ കുറിച്ചു് ഒന്നു ചിന്തിക്കുന്നതു് വളരെ സന്ദർഭോചിതവും പ്രയോജനകരവും ആയിരിക്കും. ഒന്നു സൂക്ഷിച്ചു വീക്ഷിക്കുകയാണെങ്കിൽ വിദേശ മൂലധനത്തിൽ അധികഭാഗം എന്നല്ല മുഴുവനുംതന്നെ അമേരിക്കൻ ഡോളറുകൾ മാത്രമാണെന്നു മനസ്സിലാക്കാം. അങ്ങിനെ ക്രമേണ, നാണയപ്പെരുപ്പത്താൽ ശ്വാസംമുട്ടി വെപ്രാളം കാണിക്കുന്ന ഇന്ത്യയുടെ സാമ്പത്തിക വിപണിയിൽ ഇനിയും വിദേശച്ചരക്കുകൾ കയററി ഇപ്പോഴത്തെ സ്ഥിതി ഇനിയും മോശമാക്കുകയാണ് ചെയ്യുന്നതു്.

വിദേശമൂലധനം എങ്ങിനെ ഇന്ത്യയിൽ വരു

---

യിലാകട്ടെ അക്ഷിലക്ഷ്യമായവിധം സ്ഥൂലമായിരിക്കുന്നുവെന്നെ വ്യത്യാസമുള്ളു. ശുക്ലം ഗർഭമായി പ്രസവശേഷം ശിശുവായും നിരന്തരമായ വികസനംകൊണ്ടു പൂർണ്ണജീവിയാകുകയും ചെയ്യുന്നു. ആ നിലക്കു ശിശുപ്രായത്തിൽ ഇല്ലാതിരുന്ന വളച്ച എത്തുന്നതോടുകൂടി പ്രാദുർഭവിച്ചു വർദ്ധമാനമാകുന്ന ശുക്ലം ആ ജീവി സങ്കോചിക്കുന്നതിൻെറ ഫലമായിട്ടുണ്ടാകുന്നതാകുന്നു. ഇപ്രകാരം ശുക്ലം വികസിച്ചു ജീവിയാകുകയും ജീവി സങ്കോചിച്ചു ശുക്ലമാകുകയും ചെയ്യുകാണെന്നതിനാൽ ജീവികളെല്ലാംതന്നെ സദാ സങ്കോചിക്കുകയും വികസിക്കുകയും ചെയ്യുന്ന സ്വഭാവത്തോടുകൂടിയിരിക്കുകയാണെന്നും, ജീവിതമെന്നു പറയുന്നതുതന്നെ ഈ വിധം സങ്കോചവികാസ സമ്മേളനമാണെന്നും മനസ്സിലാക്കാം. ഈ വിവരണത്തിൽനിന്നും പുത്രത്വം പിതാവിൻെറയൊ മാതാക്കന്മാരുടേയൊ പുനർജ്ജന്മമാണെന്നു പറയേണ്ടതായിവരുന്നു. "ആത്മാവൈ പുത്രനാമോസി" എന്നു ശ്രുതിവാക്യവും ഇതിന്നു ഉപോൽബലമായി നിൽക്കുന്നു. നാം വിവക്ഷിക്കുന്നേ കർമ്മവാസനാപൂർവ്വകമാർജ്ജിത കർമ്മഫലമാണെന്നു പറയുന്നതേക്കായിലും.

മാതാപിതാക്കന്മാരുടെ രക്തശുക്ലങ്ങളിൽ അന്തർഗ്ഗൂഢമായി ഇരിക്കുന്ന ആശയാംഗങ്ങൾ ശിശുപ്രായത്തുതന്നെ അല്പം പ്രതിഫലിച്ചു കാണുന്നതാണ് ശൈശവത്തിലുള്ള "വാസന" എന്നു സമർത്ഥിക്കുകയാണ് ഭേദം. ഇതു വൈദ്യപക്ഷമാണ്. കുട്ടികളുടെ ആശയഗതികളെ ആവിഷ്കരിക്കുന്നതിൽ ശ്രദ്ധാലുക്കളായ ആചാര്യന്മാർ ഈ അഭിപ്രായം വെച്ചുകൊണ്ടായിരിക്കാം.

"ഇച്ഛേതാംയാദൃശംപുത്രം
തദ്രൂപചരിതാംശ്ചതൌ
ചിന്തയേതാം ജനപദാം
സ്തദാചാര പരിച്ഛദൌ"

എന്നും മററും ഗർഭാധാനകാലത്തു് ആചരിക്കേണ്ടതായ കാര്യങ്ങളെ വർണ്ണിച്ചിട്ടുള്ളതു്. ഏതായാലും പുനർജ്ജന്മസിദ്ധാന്തത്തിന്നു അവലംബമായി കാണുന്ന വാസനയുടെ ആഗമത്തിൽ അല്പം ചിന്തിക്കേണ്ടതായിതന്നെയിരിക്കുന്നു—പോരാ—ഒരാളുടെ ആത്മാവു ശരീരബന്ധത്തിൽനിന്നും വിട്ടുപോയാൽ അനേകങ്ങളായിത്തീരുവാൻ ന്യായമുണ്ടൊ? അപ്രകാരം സംഭവിക്കുന്നില്ലെങ്കിൽ 50 വർഷങ്ങളായി വർദ്ധിച്ചിട്ടുള്ള ജീവികൾക്കു ആത്മാംശബന്ധം എങ്ങിനെയുണ്ടായി? സ്ഥാവരങ്ങൾ ജീവികളാകുന്നുണ്ട്. ജീവികൾ സ്ഥാവരങ്ങളാകുന്നുണ്ട്. പക്ഷെ സംഖ്യാനുമാനത്തിൽ വൈഷമ്യത്തിന്നവകാശം കാണുന്നു. ഒരു ജീവി മരിച്ചാൽ അതിൻെറ സ്ഥൂലദേഹത്തിൽനിന്നും അനേകം ജീവികളുണ്ടാകുന്നു. അവക്കു ആത്മാക്കളുണ്ടല്ലൊ! അവക്കു പാപം എങ്ങിനെ ബാധകമാകുന്നു. "സച്ചിദാനന്ദാസ്യാത്മത അസൃതജഡദുഃഖസ്വരൂപാന്തക്കരണാധർമൈഃ രണമാത്രസംബന്ധോ നാസ്തി" എന്നിങ്ങിനെ വേദാന്തികൾ പറയുന്നു. അന്തക്കരണധർമ്മങ്ങൾ സച്ചിതാനന്ദനായ ആത്മാവിന്നു ബാധകമാകുന്നില്ലെന്നു! പിന്നെ ആർക്കാണ് പാപം അനുഭവപ്പെടുന്നതു്?

(തുടരും)

ന്നു? വന്നാൽ എന്തായിരിക്കും അതിന്റെ പരിണിത ഫലങ്ങൾ? ദോഷകരമാണെങ്കിൽ നമുക്ക് അതിനെ എങ്ങിനെ ഇല്ലായ്മ ചെയ്യാം? എന്നിവകളായിരിക്കും ഈ ചെറുലേഖനത്തിൽ ഉൾക്കൊള്ളുന്നത്.

മൂലധനം (Capital) എന്നത് ഏതൊരു വ്യവസായത്തിലും ഒഴിച്ചുകൂടാത്ത ഒരു ഘടകമാണ്. ഒരു നാടിന്റെ സാമ്പത്തിക ഉന്നമനംതന്നെ നിലകൊള്ളുന്നത് പ്രധാനമായും തൊഴിലാളികൾ, പ്രാകൃതിക സമ്പത്തുക്കൾ, മൂലധനം, ശരിയായി വ്യാപാരംചെയ്യുവാനുള്ള സംഘടനാസാമർത്ഥ്യം എന്നിവയിന്മേലാണ്. അതായത് ഒരു ദേശത്തിൽ മേൽപറഞ്ഞവയിൽ ഒന്നു മാത്രമുണ്ടായാൽ മാത്രം ആ രാജ്യത്തിന്ന് ലോകവിപണിയിൽ തന്റെ ശബ്ദം ഉയർത്തുവാൻ സാദ്ധ്യമല്ല എന്നർത്ഥം. സാമ്പത്തികശാസ്ത്രത്തിന്റെ അടിസ്ഥാനതത്വംതന്നെ ഈ നാലു ഘടകങ്ങളിലാണ് നിലകൊള്ളുന്നതും. ഇതിൽ ഇന്ത്യാരാജ്യത്തിൽ പ്രകൃതിവിഭവങ്ങൾക്ക ഒട്ടും ലോഭമില്ല. മാത്രമല്ല ഇന്ത്യയെ ഭൂലോകസ്വർഗ്ഗമാക്കാനൊ, ലോകവിപണിയിൽ നേതൃത്വം വഹിക്കുവാനൊ ഉള്ള സാദ്ധ്യതകൾ നമുക്ക് പ്രകൃതിദത്തമായ പ്രകൃതിസമ്പത്തിൽകൂടി സാധിക്കും. രണ്ടാമത്തെ അതിപ്രധാന ഘടകമായ തൊഴിലാളിപ്രശ്നം അഥവാ ജോലിക്കുവേണ്ട ശരിയായ ആൾക്കാർ (Labour power) എന്നതിനെപററിയും ലവലേശം സങ്കോചം ആവശ്യമില്ല. ഏററവും ചുരുങ്ങിയ കൂലിത്തോതിൽ നമുക്ക തൊഴിലാളികളെ അഥവാ സമർത്ഥന്മാരായ വേലക്കാർ സുലഭമാണ്. ഇവയെ സംഘടിപ്പിക്കുവാനുള്ള സമർത്ഥന്മാരുടെ കാര്യം അല്പം കുറവാണെങ്കിലും ഇല്ല എന്നു പറയുവാൻ സാദ്ധ്യമല്ല. സംഘടനാസാമർത്ഥ്യത്തിൽ പേരെടുത്ത ഇംഗ്ലീഷുകാരുടെ കൂടെ പഴകി ഏതാണ്ട് ആ കലയുടെ പാരമ്യത കണ്ടെത്തിയിട്ടുള്ളവർ നമ്മുടെ നാട്ടിലില്ലായ്കയല്ല. എന്നാൽ അവരെപോലെയുള്ളവർ വർദ്ധിക്കണം. ടാററായും, ബിർളായും ഇന്നും സാർവ്വലൌകികപൂജിതരാണ്. എന്തിനധികം മദ്ധ്യേ ഏഷ്യയിൽവെച്ച് രണ്ടാമത്തേതാണ് ടാററയുടെ ജാംഷഡ്പൂരിലുള്ള ഉരുക്കുനിർമ്മാണശാല എന്നു പറഞ്ഞാൽ മതിയല്ലൊ! ഈ സന്ദർഭത്തിൽ ഒന്നുമറക്കാതെ ഓർമ്മിക്കേണ്ടതെന്തെന്നുവെച്ചാൽ സാങ്കേതിക വിദഗ്ദ്ധന്മാർ ഇല്ലായ്കയല്ല അവരെ ശരിയായ സ്ഥാനത്ത് ശരിയായവിധത്തിൽ ശരിയായ പ്രോത്സാഹനം നൽകുന്നതിലാണ് അത്തരക്കാരുടെ വദ്ധനയും കുറവും ആശ്രയിച്ചിരിയ്ക്കുക എന്നതാണ്.

എന്നാൽ മൂലധനത്തിന്റെ കാര്യത്തിൽ മാത്രം ഇന്ത്യയുടെ കാര്യം അല്പം പരുങ്ങലിലാണ്. പാടെ ഇന്ത്യയിൽ മൂലധനം ഇല്ല എന്നു പറയുവാൻ ഞാൻ സന്നദ്ധനല്ല. എങ്കിലും ഇന്നു നമ്മുടെ വ്യവസായങ്ങൾ ആവശ്യപ്പെടുന്നതിന്നനുസരിച്ചു മൂലധനം പുറത്തുവരുന്നില്ല എന്നതാണു വാസ്തവം. ധനികന്മാരായ ചെട്ടിയാന്മാരും, കുബേരന്മാരായ സേട്ടുമാരും നമ്മുടെ നാട്ടിൽ ഉണ്ടെന്നു അഭിമാനിച്ചാൽ മാത്രം മതിയൊ, അതിന്റെ ഫലം വൈയ്യവസായപ്രധാനമായ ഇന്ത്യയുടെ നാനാവ്യാവസായിക തുറകളിലും പ്രതിഫലിയ്ക്കേണ്ടേ?

ഇങ്ങിനെ വൈയ്യവസായികപുരോഗമനത്തിനുള്ള നാലു ഘടകങ്ങളിൽ മൂന്നെണ്ണം നമ്മുടെ ദേശത്തിന്റെ അതിർത്തിയ്ക്കുള്ളിൽത്തന്നെ ഇരിയ്ക്കുമ്പോൾ വ്യവസായ പുരോഗമനത്തിന്നായി വെമ്പൽകൊള്ളുന്ന ഭാരതം മൂലധനത്തിനെ മാത്രം വിദേശിയരെ ആശ്രയിക്കുന്നതിൽ അത്ഭുതമില്ല. അതുമോ വിദേശിയർ കൊടുക്കുവാൻ സന്നദ്ധരും!

ഭാരതത്തിലെ രാഷ്ട്രീയാന്തരീക്ഷത്തിലെ ഒരു കക്ഷിക്കാർ നിലകൊള്ളുന്ന ഇന്നത്തെ ഗവമ്മേണ്ടിനെ വിദേശിയസഹായം ആവശ്യപ്പെടുന്നതിന്നു കഠിനമായി ആക്ഷേപിക്കുന്നുണ്ട്. അതു് അവർക്ക് സ്ഥിതിഗതികളുടെ നില വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കാതെ മാത്രമാണ്. എങ്കിലും കുറച്ചു അംശത്തിന്ന് അവർ നിർദ്ദോഷന്മാരല്ല എന്നുണ്ടെങ്കിലും അതിന്നിരട്ടി അതേകാര്യത്തിൽ മറെറാരുഭാഗത്തു ഇരട്ടി ആക്ഷേപിക്കേണ്ടതുണ്ട്. അതായത് വിദേശ മൂലധനത്തെ അവർ സ്വാഗതം ചെയ്യുന്നതു് നാടൻമൂലധനം പുറമെ വരാത്തകാരണം എന്നു പറയുന്നുണ്ടെങ്കിൽ ആദ്യം അതു സമ്മതിക്കാം. എന്നാൽ അതിനെ തന്നെ നമുക്ക വീണ്ടും വിമർശിയ്ക്കുണ്ടതായി ഉണ്ട്. എന്തുകൊണ്ടും അവർക്ക നാടൻമൂലധനം പുറമേ വരുവാനുള്ള വിദ്യകൾ ചെയ്തുകൂടാ? പരമാധികാരം ഗവമ്മേണ്ടിന്റെ കയ്യിൽ നിലകൊള്ളുമ്പോൾ, ചൂഷണത്തിന്നും മർദ്ദനത്തിന്നും നിയമത്തെ അവർ ഉപയോഗപ്പെടുത്തുന്നമാതിരി നല്ല കാര്യങ്ങൾക്കും എന്തുകൊണ്ട് നിയമത്തെ ആയുധമാക്കിക്കൂടാ?

ഭാരതം സ്വതന്ത്രമായിക്കഴിഞ്ഞു. ഇനി ഭാരതത്തിന്നു യാതൊന്നിന്നും മററാരേയും ആശ്രയിക്കാതെ കഴിയേണ്ടനില നിർമ്മിക്കേണ്ടതു നമ്മുടെ ചുമതല

# ★ ആഹ്വാനം. ★

(കെ. കെ. കരുണാകരപ്പണിക്കർ)

---

പാരിടമാകെപ്പരം പ്രാശസ്ത്യം പരത്തിയ
പാവന ചരിതന്മാർ നമ്മൾതൻ പൂർവ്വികന്മാർ
കേട്ടിടാമവരുടെ വൈദഗ്ദ്ധ്യംവാക്കം വൃത്തം
വാർദ്ധക്യം വിലസുന്ന വാക്കിൽനിന്നവിരതം
നിസ്തുലമവക്കെഴും കീർത്തിതൻ സമ്പത്തിനാൽ
നിത്യത കഴിക്കുകയാണിന്നു മസ്മദ്വർഗ്ഗം.
നിഷ്ഫലം നിനക്കുവാൻ മാത്രമെ നമ്മൾക്കെഴും
ശക്യത കഷ്ടം! നമ്മളത്രയുമധഃസ്ഥിതർ
പൂഴിയിൽ വിജ്ഞാനത്തിൻ "ഹരിശ്രീ" പാഠം നാട്ടാ-
ർക്കേകിയാ "ഗ്ഗുരു" സ്ഥാനമാത്രമെ ലഭിച്ചവർ
നാട്ടിന്റെ നന്മക്കലംമാററലർ പററങ്ങളെ
പാട്ടിനു പറഞ്ഞയച്ചീടുവാനവിശങ്കം,
കളരിപ്പയററിന്റെ പാഠങ്ങൾ പഠിപ്പിച്ചു
"കളരി"സ്ഥാനംപണ്ടേ നേടിയ വിരുതന്മാർ
സംശയംവിനാ കാലത്രിതയം നല്കീടുന്ന
നന്മതിന്മകളോതാൻ വൈദഗ്ദ്ധ്യംലഭിച്ചവർ
കേരളക്കരയിങ്കലിന്നുമെ രൂപംപൂണ്ടു
കേളിയാടുന്നുണ്ടസ്മൽ പൂർവ്വികചരിതങ്ങൾ,
എന്തിനതുനിയുന്നു തൂലികെ! അവക്കെഴും
ബന്ധുരമപദാനം കുറിപ്പാൻ വീതാശങ്കം
അഗ്ഗുരുവര്യർക്കെഴും പ്രാശസ്ത്യം ചരിത്രത്തി
ന്നോട്ടിലാക്കിടാനായിട്ടിന്നോളമശക്തർ നാം.
എങ്കിലുമഹംഭാവ പൂരിത ഹൃദന്തരായ്
ഹന്ത! നാം ജല്പിക്കയാമവർതൻ ഗ്ഗുണോൽക്കർഷം!
വളരും സാഹോദര്യസ്പർദ്ധതൻ ലതികകൾ
പടരും ജീർണ്ണദ്രുമസങ്കാശമസ്മദ്വർഗ്ഗം,
പറയും പ്രാചീനർതൻ കഴിവും പ്രതാപവും;
മരുവും മാഹാത്മ്യത്തിൻ ലവവും സ്പർശിക്കാതെ
വിഫലം പാരമ്പര്യ കഥനം, നമുക്കാത്മ-
ധൃതിതന്നാസിയൊന്നോ യേകിടുംപുരോഗതി
ക്കത്തിറങ്ങുകയതിന്നൊട്ടുമെ വൈകീടാതെ
മത്സഹോദരന്മാരെ! നിങ്ങളീ"ക്കളരി"യാൽ.

---

യാണ്. അതു് രാഷ്ട്രമാണ് ഇന്ന്. എന്നാൽ നമുക്കുമുണ്ട് പ്രശ്നങ്ങൾ!!! അവയെ പരിഹരിക്കണം. അതിനുള്ള മാർഗ്ഗങ്ങൾ ആരായണം. തൊഴിലില്ലായ്മ, ഭക്ഷണക്ഷാമം, വസ്ത്രക്ഷാമം, അമിതവില, അക്ഷരജ്ഞാനമില്ലായ്മ, അഭയാർത്ഥിപ്രശ്നം അങ്ങിനെ മററു പലതും. ഇവയ്ക്കെല്ലാററിനും ഒരൊററ പരിഹാരം ഇന്ത്യയെ ഇംഗ്ലീഷുസമ്പ്രദായം മാററി ഒന്നു പുനർവ്യാവസായീകരിക്കുക എന്നതുമാത്രമെ ഉള്ളൂ. വ്യവസായം ഒന്നുമാത്രം മതി ഇക്കണ്ട പ്രശ്നങ്ങൾക്കെല്ലാം ഒരുമിച്ചു ഉത്തരം നല്കാൻ. തൊഴിലില്ലാത്തവനു് മില്ലുകളിൽ ജോലികിട്ടുമ്പോൾ, അവനു കിട്ടുന്ന കൂലികൊണ്ടു്, മില്ലുകളിൽ നിന്നും മററും വരുന്ന സ്വദേശിസാധനങ്ങൾ അവൻ മിതമായ വിലക്കു വാങ്ങി സുഖമായ ജീവിതം നയിക്കുന്നു. ദേശത്തിന്റെ ചിലവിൽത്തന്നെ അവനു് വിദ്യാഭ്യാസം ലഭിക്കുന്നു.

പുനർവ്യാവസായീകരണം എന്നതു് ആരംഭിക്കുമ്പോൾതന്നെ ഏതൊരു വൈയവസായികവിചക്ഷണനും തലവേദന ഉണ്ടാക്കുന്നതു് മൂലധനത്തെക്കുറിച്ചാണ്. ഏതൊരു വ്യവസായമായാലും വ്യാപാരമായാലും കുറച്ചു മുതലിറക്കു് ആവശ്യമാണ്. അതും രണ്ടു വിധത്തിലാണ്. ദീർഘകാലനിക്ഷേപങ്ങളായി കെട്ടിടങ്ങൾ, യന്ത്രങ്ങൾ മുതലായവയും നടത്തിപ്പിനുവേണ്ട അസംസ്കൃതപദാർത്ഥങ്ങൾക്കും, കൂലി കൊടുക്കുവാൻ അങ്ങിനെ രണ്ടാമത്തെ തരവും. ഇതിന്നായി ഒരു വ്യാപാരി ഇന്ത്യയിലെ സാമ്പത്തികവിപണികളിൽ അന്വേഷിക്കുമ്പോൾ അയാൾക്കു കിട്ടുന്നതു് "ഇല്ല" എന്ന ഉത്തരമായിരിക്കും. ഉടൻ അയാൾ നോക്കുന്നതു് കടലിന്നപ്പുറത്തു സ്ഥി

തിചെയ്യുന്ന വിദേശവിപണിയിലേയ്ക്കാണ്. ഇതിൽ അത്ഭുതമെന്തുള്ളു!

ഗവർമ്മേണ്ടിന്നാകട്ടെ റോഡുകൾ നിർമ്മിയ്ക്കണം, പാലങ്ങൾ കെട്ടണം, നദീതടപദ്ധതികൾ മുഴമിയ്ക്കണം, ഗതാഗതം പരിഷ്ക്കരിക്കണം, വിദ്യാഭ്യാസം പുരോഗമിപ്പിയ്ക്കണം അങ്ങിനെയൊരു നീണ്ട ലിസ്റ്റുണ്ട് അവിടെയും. പ്രസവിച്ച് കഷ്ടി രണ്ടു വയസ്സായ ഒരു ശിശു എഴുന്നേററു നില്ക്കുവാൻ ശ്രമിക്കുന്ന മാതിരിയാണ് ഇന്ന്. നമ്മുടെ റിപ്പബ്ളിക്കു കോശസ്ഥിതിയോ നന്നെ മോശം! ഇത്തരം വൻപദ്ധതികൾ നടത്തിയേ തീരൂ. പട്ടിണിയാൽ മരിയ്ക്കുന്നവരുടെ എണ്ണം മിനിട്ടുവെച്ചു വർദ്ധിക്കുമ്പോൾ, "ഞങ്ങൾ പാലം കെട്ടുന്നുണ്ട്" "അണകെട്ടുന്നുണ്ട്" എന്നുപറഞ്ഞാൽ ജനങ്ങൾ സമാധാനിക്കുമൊ? അവിടേയും മൂലധനം അഥവാ സാമ്പത്തികസഹായം മറെറാരു വാക്കിൽ അനിശ്ചിതകാലത്തേക്ക് മുതലിറക്കിലേക്ക് പലിശ കിട്ടാത്തവിധത്തിൽ ഉള്ള ഒരു ദീർഘകാല മുതലിറക്ക്—ഇതിന്നു നമ്മുടെ നാടൻ സാമ്പത്തികപ്രമാണികൾ തയ്യാറില്ല. അവക്കു പലിശ കിട്ടണം. അംഹ്രസ്വകാലനിക്ഷേപങ്ങളെ അവർ നൽകൂ. ചുരുക്കത്തിൽ വിദേശിയരുടെ നിലയിലുള്ള ഒരു വ്യവസായപ്രേമമായ മനസ്ഥിതി നമ്മുടെ നാട്ടുകാർക്ക് ഇല്ല. നാടിന്റെ നന്മയ്ക്കായി ഗവർമ്മേണ്ടിന്ന് കടം എന്ന നിലയ്ക്കുകൂടി സാമ്പത്തികമായി സഹായിക്കുവാൻ ഈ പ്രമുഖർ തയ്യാറില്ല. അപ്പോൾ വിദേശിയ മൂലധനം ഇന്ത്യയിൽ സ്ഥലംപിടിയ്ക്കുന്നുണ്ടെങ്കിൽ അതിൽ അസഹിഷ്ണുത പ്രദർശിപ്പിയ്ക്കുവാനെന്തുള്ളു.

പഞ്ചവത്സരപദ്ധതികൾക്കായും, ഫോർഡ്ഫൌണ്ടേഷൻ... 

ലഭ്യമായ text:

പഞ്ചവത്സരപദ്ധതികൾക്കായും, ഫോർഡുസഹായപദ്ധതി മുഖേനയും, കൊളമ്പോ പ്ലാൻ അനുസരിച്ചും അങ്ങിനെ ഡോളറുകൾ ഇന്ത്യയിലേക്കു ചൊരിയുകയാണ്. ഇതിന്റെ ഫലമെന്തായിരിക്കും? പുറമെയ്ക്കും. പത്രപംക്തികളിലും ഈ ഡോളർദാദാനക്കാർ "ഞങ്ങൾ പ്രതിഫലേഛ കൂടാതെയാണ് സഹായം ചെയ്യുന്നത്" എന്നു കൊട്ടിഘോഷിക്കുമായിരിക്കാം. എന്നാലും അതു ഇത്തരം ദാനങ്ങൾ ഒരിക്കലും വൃഥാവിൽ അഥവാ ഉദ്ദേശശൂന്യമായി ചെയ്യുന്നതല്ല. പലവിധത്തിലുള്ള രാഷ്ട്രീയശൃംഖലകൾ അതിന്ന് പിന്നിലുണ്ടാകാതെ തരമില്ല. താന്ത്രികമായി കാര്യം നേടാനുള്ള ശ്രമങ്ങളിൽ ഒന്നല്ല എന്നു പറയുവാനും നിവൃത്തിയില്ല. ഒന്നുംവേണ്ട ഇത്ര ഭയങ്കരമായ തുകകൾ കടമായി എടുത്ത് അതു പരീക്ഷണഘട്ടങ്ങളായ ചില പദ്ധതികളിൽ നിക്ഷേപിച്ച് അതുമൂലമുണ്ടാകുന്ന ലാഭത്തിൽനിന്നു മുതൽ മടക്കിക്കൊടുക്കാൻ സാദ്ധ്യമാകുകയില്ല എന്നതു വെറും ഒരു ഭാവനാചിത്രമായേ പരിണമിയ്ക്കൂ. വാണിജ്യത്തിന്നായി കപ്പലിറങ്ങിയ ഒരു ഇംഗ്ലീഷുകമ്പനിസാമ്രാജ്യം സ്ഥാപിച്ച കഥ ഭാരതം മറക്കരുത്!

വിദേശീയ സഹായംകൊണ്ടു പ്രധാനമായി രണ്ടു ദൂഷ്യങ്ങളാണ് നമ്മെ അഭിമുഖീകരിക്കുന്നത്. വൻതുകകൾ കടമെടുക്കുമ്പോൾ ഓരോരു കടമെടുക്കലിന്നും നാം നമ്മുടെ രാഷ്ട്രത്തെ പണയംവെയ്ക്കുകയാണ ചെയ്യുന്നത്. വൻതുകകളുടെ പലിശ മാത്രം അടയ്ക്കുവാൻതന്നെ സാദ്ധ്യമാകാതെവരും. ഓരോരു തവണയും നാം ദാനം സ്വീകരിയ്ക്കുമ്പോൾ നാം അധികം അധികം സംഖ്യക്ക് കടക്കാരാകുകയാണ് ചെയ്യുന്നത്. മറെറാരു വഴിയിൽകൂടി വിദേശീയർ നമ്മുടെ വരുമാനത്തിൽനിന്നും പങ്കു എടുക്കുന്നതു അവരുടെ കമ്പനികൾമുഖേനയാണ്. ഭാരതം തികച്ചും സ്വതന്ത്രയായി എന്നു പറയാമെങ്കിലും വിദേശീയ

---

(15-ാം പേജിൽനിന്നു തുടച്ച്)

വിധത്തിൽ സാഹിത്യസൃഷ്ടി നടത്തിയ എത്രയെത്ര സാഹിത്യകാരന്മാരെയാണ് റഷ്യയിലെ സാഹിത്യ അക്കാടമിയിൽനിന്നു പുറംതള്ളിയിട്ടുള്ളത്. ഷോസ്റ്റകോവിച്ച് എന്ന റഷ്യൻ സംഗീതനാടക കർത്താവ് അത്തരത്തിൽപെട്ട ഒരാളത്രെ. സാഹിത്യത്തിലെന്നല്ല, ശാസ്ത്രത്തിലും ഇതുതന്നെയാണ് ഗതി. മാർക്സിസത്തിന്റേയും വിപ്ലവത്തിന്റേയും കുത്തകക്കാരായി അഭിമാനിക്കുന്ന വർഗ്ഗത്തിന്റെ സംരക്ഷകരായഭിനയിക്കുന്നവരുടെ കാപട്യങ്ങളും ക്രൂരതകളും കണ്ടുകൊണ്ട് വീർപ്പുമുട്ടി അതിൽനിന്നു തലയൂരിപ്പോന്ന സാഹിത്യകാരന്മാരെ ഇത്തരുണത്തിൽ നമ്മൾക്കഭിനന്ദിക്കുക. വെറും പാർട്ടിപ്രചരണങ്ങൾക്കും ആൾപിടുത്തത്തിന്നും വേണ്ടി ഉപയോഗിക്കാവുന്ന ഒന്നല്ല സാഹിത്യം; ഞാൻ നേർത്തെ സൂചിപ്പിച്ചപോലെ ചിന്താസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും ഉള്ള സ്ഥിതിസമത്വത്തിലധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടിയുള്ള സാഹിത്യപ്രവർത്തനങ്ങളിൽകൂടി വിശ്വശാന്തിയിലേക്കും തദ്വാര വിശ്വസാഹോദര്യത്തിലേക്കും നയിക്കുന്ന സാഹിത്യകാരന്മാരോട് ലോകം എന്നും കടപ്പെട്ടിരിക്കും. അവരുടെ കൃതികൾ സാഹിത്യനഭസ്സിലെ ഉജ്ജ്വലനക്ഷത്രങ്ങളായി തിളങ്ങുകതന്നെ ചെയ്യും.

---

കമ്പനികൾ, വിദേശീയ വിദഗ്ദ്ധന്മാർ, വിദേശച്ചരക്കുകൾ മുതലായവ നമ്മളെ ഇനിയും വിട്ടൊഴിഞ്ഞിട്ടില്ല. കൊല്ലംതോറും നമ്മുടെ ദേശീയവരുമാനത്തിൽനിന്നു ഒരു പങ്ക് വിദേശങ്ങളിലേക്കു അങ്ങിനെ ചോരുകയും ഇങ്ങിനെ എല്ലാവിധത്തിലും വിദേശിയരുടെ സാമ്പത്തികസഹായം നന്മ ചെയ്യാനായി നമ്മെ അടുക്കുന്നുണ്ടെങ്കിലും നമുക്ക് അതിനിരട്ടി തിന്മയാണ് ചെയ്യുന്നതു്.

ഈ സമ്പ്രദായത്തെ പാടെ ഉന്മൂലനം ചെയ്യാൻ നമുക്കു എന്തു ചെയ്യാം? വിദേശീയ മൂലധനത്തിന്റെ സ്ഥാനത്തു് സ്വദേശി മൂലധനം കയറണം. ശരിയായ ഒരു പട്ടിക തയ്യാറാക്കുകയാണെങ്കിൽ ഇന്നു ലോകത്തിൽ വ്യവസായത്തിൽ മുന്നിട്ടുനില്ക്കുന്ന മററു ഏതു രാജ്യത്തിൽ ഉള്ളേടത്തോളം മൂലധനം ഭാരതത്തിൽ അന്തർലീനമായിക്കിടക്കുന്നുണ്ടു്. ഉണ്ടെങ്കിൽത്തന്നെ കൂടതലെ ഉണ്ടാകയുള്ളു. എന്നാൽ ചരിത്രപ്രസിദ്ധമായ അതിന്റെ വൈമുഖ്യം മാത്രമാണ് പുറംനാടൻ ചരക്കുകൾക്കു് നമ്മുടെ വിപണിയെ കൈവശമാക്കുവാൻ സഹായിക്കുന്നതു്.

എന്തുകൊണ്ടു് നമ്മുടെ ദേശത്തിലെ മൂലധനം പുറമെ വ്യാപരിക്കപ്പെടുന്നില്ല എന്നു അല്പം ചിന്തിക്കാം. എത്രയെത്രയോ സമ്പത്തു ഇന്നും ആർക്കും ഉപയോഗശൂന്യമായി ഇരുമ്പുഭണ്ഡാരങ്ങളിൽ കെട്ടിക്കിടക്കുന്നുണ്ടു്. ഏതൊരു ധനികനായ വ്യാപാരിയേയും മൂലധനത്തിന്നായി അപേക്ഷിച്ചാൽ ഇംഗ്ലണ്ടിലേയോ അമേരിക്കയിലേയോ മാതിരി അവൻ അങ്ങു തരികയില്ല ധനം ആവശ്യത്തിലധികം ഉണ്ടെങ്കിലും അതു ശരിയായ വഴികളിൽ വേണ്ടവിധത്തിൽ വ്യാപരിക്കപ്പെടുന്നില്ല. ഇത്തരത്തിലുള്ള വൈമുഖ്യത്തിന്നു പ്രധാനമായി കാരണങ്ങൾ രണ്ടാണ്: ആദ്യമായി ഇത്തരം നിക്ഷേപങ്ങൾ അഥവാ ഈ മൂലധനം ഉപയോഗിക്കപ്പെടുത്തുന്ന പദ്ധതികൾ വളരെ ദീർഘകാലപദ്ധതികളാണ്. അവ നിർവ്വഹിക്കുവാൻതന്നെ കൊല്ലങ്ങൾ കുറയേറെ വേണ്ടിവന്നേക്കാം. പിന്നീടു വേണ്ടേ അതിന്റെ ഫലത്തിനെക്കുറിച്ചു ചിന്തിക്കാൻ. അതിന്നുശേഷമെ മൂലധനം തിരിച്ചുകൊടുക്കേണ്ട സംഗതി ആലോചിക്കുവാൻ. ഇതിനു നമ്മുടെ ഹ്രസ്വകാലനിക്ഷേപപ്രേമികളായ വ്യാപാരികൾക്കു സമ്മതമില്ല. അവർക്കു് തങ്ങളുടെ നിക്ഷിപ്തധനം മടക്കിക്കിട്ടുമൊ എന്ന ആകാംക്ഷയാണ് നാടിന്റെ നന്മയേക്കാൾ കൂടുതൽ. രണ്ടാമതായി ഇന്നു നമ്മുടെ അധഃകൃതന്മാർ കടമെടുക്കുന്ന മൂലധനത്തിന്നു് നൽകുന്ന പലിശനിരക്കു് തീരെ ലഘുവാണെന്നാണ് അവരുടെ വാദം. ഇതു ഒരുപക്ഷെ ന്യായമായിരിക്കാം. നാടിന്റെ അകത്തു വ്യാപരിക്കുന്ന മററു ബാങ്കുകൾ ഗവണ്മെണ്ടു് നൽകുന്ന പലിശനിരക്കിനേക്കാളും കൂടുതൽ നൽകുന്നുണ്ടു്.

പരോക്ഷമായ മറെറാരു കാരണമെന്തെന്നാൽ ഭാരതീയർ ഇനിയും ധനം വ്യാപരിക്കുന്നതിന്റെ വിദ്യയും, വ്യാപാരരഹസ്യവും അറിഞ്ഞിട്ടില്ല. അല്ലെങ്കിൽ അവർ ഇനിയും വ്യാപാരമനസ്കരായിട്ടില്ല മററു നാട്ടുകളിൽ അവർക്കു ജാത്യാതന്നെ വ്യാപാരത്തിലേക്കു ഒരു വാസനയുള്ളതു് നമുക്കു വ്യക്തമായി മനസ്സിലാക്കാം. ഇന്ത്യയിലെ ഒരു പൌരപ്രമുഖൻ തന്റെ അളവില്ലാത്ത ധനത്തെ ഭണ്ഡാകാരത്തിൽ പൂട്ടി ഇരുമ്പു പിടിച്ചാലും അവന്നു് സങ്കടമില്ല എന്നാലും പുറമെ അതിനെ വ്യാപരിപ്പിക്കുകയില്ല. നേരെമറിച്ചാണ് മററുനാട്ടുകാരുടെ മനോഭാവം ഉള്ള ഉചരമായ സംഖ്യയെ അനേകംവിധത്തിൽ വ്യാപരിച്ചു് അതിൽനിന്നും ലാഭമെടുക്കുവാൻ അവർക്കു് പ്രകൃതിദത്തമായ സാമർത്ഥ്യമുണ്ടു്.

ഇതിന്നു് പ്രതിവിധികൾ ഇല്ലായ്കയില്ല. ആദ്യമായി ഭാരതീയർതന്നെ വിദേശീയ സഹായത്തിന്റെ പിന്നിൽ നിൽക്കുന്ന അപായത്തെ നോക്കി മനസ്സിലാക്കുവാൻ സാധിക്കണം. രണ്ടാമതായി വിദേശച്ചരക്കുകളെ വെറുക്കുവാനും സ്വദേശവ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകുകയും വേണം. രാഷ്ട്രത്തിന്റെ ഒട്ടാകെയുള്ള നന്മയെക്കുറിച്ചു ചിന്തിക്കുവാനുള്ള മനഃസ്ഥിതി ഉണ്ടാകണം. നാം നൽകുന്ന ചെമ്പുതുട്ടുകളും രാഷ്ട്രത്തെ സുശക്തമായി ഉറപ്പിക്കുന്നതിന്നു് സഹായിക്കുന്നു എന്നതു് അറിയേണ്ടതാണ്.

ഗവണ്മേണ്ടിന്നും ഇത്തരത്തിലുള്ള വ്യവസ്ഥിതി മാററുവാൻ കുറയേറെ പ്രവർത്തിക്കുവാനുണ്ടു്. പലിശനിരക്കു കുറേയുംകൂടി ആകർഷണീയമാക്കിത്തീർക്കേണ്ടതാണ്. ഉൾനാടൻ ബാങ്കുകളുടെ നിരക്കിനെക്കാളും അല്പം കൂടുതലാകേണ്ടതാണ്. അതിപ്രധാനമായ മറെറാന്നു എന്താണെന്നുവെച്ചാൽ നിക്ഷേപിക്കുന്നവന്നു ശരിയായ ഈടു് കിട്ടുമാറാക്കണം. ശരിയായ ഉറപ്പില്ലാതെ ഏതൊരുവനും തന്റെ ധനത്തെ മറെറാരുവന്നു് കൊടുക്കുവാൻ തയ്യാറല്ല. മേൽപറഞ്ഞവ നടക്കുന്നില്ലെങ്കിൽ കർശനമായി ഓരോരുത്തരുടേയും വരുമാനത്തിന്റേയൊ കെട്ടിവെപ്പിന്റേയൊ ഒരു ഭാഗം ഗവണ്മേണ്ടു് കടപ്പത്രങ്ങളിൽ നിക്ഷേപിക്കുവാൻ നിയമംമൂലം നടപ്പിൽ വരുത്തണം. അല്ലാതെ ഇന്നത്തെ ഈ ദുഷിച്ച വ്യവസ്ഥിതി നമ്മെ ഇനിയും ആപൽഗർത്തത്തിലേക്കു നയിക്കുകയാണ്.

## വെളിച്ചത്തിലേക്ക്.

# "കലാമണ്ഡലം ക്ലാര"

(കേരളത്തിന്നഭിമാനിക്കാവുന്ന ഒരു കൊച്ചു നർത്തകി.)

"കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി—
കാഞ്ചന കാഞ്ചി കലുങ്ങിക്കലുങ്ങി."

കേരളീയ കലാഹൃദയത്തിന്റെ കണ്ണും കരളും കവർന്നുകൊണ്ട്, കലാസുന്ദരമായ കവിതപോലെ; പുരോഗതിയുടെ പൂവാടിയിൽ പുതുമയുടെ കാൽചിലമ്പൊലിയുമായി പ്രശസ്തിയുടെ കൊടുമുടിയിലേക്ക് കുതിച്ചുകയറുന്ന- ആ കൊച്ചുനർത്തകിയും; നടിയുമായ കലാമണ്ഡലം ക്ലാരയെ കലാസ്വാദകരാരും മറന്നു കാണുകയില്ല.



കറിതവന്നോടംകളിക്കും
കടമിഴിക്കോണിന്നിണയിൽ
മധുരപ്രതീക്ഷകളല്ലേ.
മധുരിമവാരിവിതപ്പൂ!

തൃശ്ശൂർ സ്വദേശിയും കേവലം പന്ത്രണ്ടുവയസ്സു മാത്രം പ്രായവുമായ ഈ കൊച്ചുനടി ഇപ്പോൾ തൃശ്ശൂരിലുള്ള "വിക്ടോറിയാ ഗേൾസ് സ്കൂളിൽ" അഞ്ചാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കയാണ്. ബാല്യത്തിൽ തന്നെ നൃത്തകലയിൽ അഭിരുചിയുണ്ടായിരുന്ന ക്ലാര ചെറുതുരുത്തിയിലുള്ള "കേരള കലാമണ്ഡലത്തി"ലാണ് നൃത്താഭ്യസനം ആരംഭിച്ചത്. "മോഹിനിയാട്ടം, ഭരതനാട്യം, ക്ലാസിയ്ക്കൽ, രാധാകൃഷ്ണനൃത്തം, വർണ്ണാഭിനയം, തായെ യശോദ, ചൊൽകട്ട്, അലാരിപ്പ്, ജതിസ്വരം തില്ലാന" ഇവയെല്ലാമാണ് ക്ലാരയുടെ പ്രസിദ്ധിയാർജ്ജിച്ച നൃത്തങ്ങൾ! ഇതിന്നുംപുറമെ വളരെ വെറൈററി ഐറ്റംസുകളുണ്ട്. കേരള കലാവേദിയുടെ നമ്മളൊന്നിൽകൂടി ഈ കൊച്ചു നടി ശോഭനമായ ഭാവിയുടെ കൈത്തിരിയുമേന്തിക്കൊണ്ട് "ആയിഷ"യായി പ്രത്യക്ഷപ്പെട്ട ആ രംഗം ഹൃദയത്തിന്റെ അടിത്തട്ടിൽ ഓർമ്മകളുടെ ഓളങ്ങളിളക്കിക്കൊണ്ട് ഇന്നും നൃത്തം ചെയ്യുകയാണ്. വിജയത്തിന്റെ വിരിമാറിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ക്ലാര, അചിരേണ കേരളത്തിന്നഭിമാനിക്കാവുന്ന ഒരു നർത്തകിയും നടിയുമായി ഉയർന്നു പരിലസിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല. ഈ കൊച്ചു നടി എറണാകുളം പ്രതിഭാ ആർട്ട്സ് ക്ലബ്ബിന്റെ "നീലക്കുരുവി"യിലേക്ക് ഇന്നു് അണിഞ്ഞൊരുങ്ങുകയാണ്.

"പ്പരിസരമഞ്ജിന്റെയഴലൊഴുകീടും തീമഴ പെയ്താലും—
കരളിടറാതെ കാൽപതറാതെ പോകുക കവിതെ നീ........!

ശക്തി.

## വായനശാലയിൽ

# വഴിവക്കത്തെ മാവ്

വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ,
വിയ്യൂർ.

വില: 8ണ.

എടുത്തുപറയത്തക്ക യാതൊരൊച്ചപ്പാടും ഉണ്ടാക്കാതെ, വിശ്രമസമയങ്ങളിൽ സാഹിതീസപര്യ നടത്തിക്കൊണ്ടിരിക്കുന്ന ധർമ്മമർമ്മജ്ഞനായ ഒരു കവിയാണ് വെള്ളായ്ക്കൽ ഗോവിന്ദമേനോൻ. ഭാവനാവിലാസവും ഭാരതീയസംസ്കാര പ്രതിപത്തിയുമാണ് അദ്ദേഹത്തിന്റെ കവിതയ്ക്ക് മാററുകൂട്ടുന്നത്. അതിന്നൊരു ഉത്തമോദാഹരണമത്രേ 'വഴിവക്കത്തെ മാവ്' എന്ന ഈ ഖണ്ഡകാവ്യം.

ഏതൊ ഒരു വ്യക്തി മധുരമായ ഒരു മാമ്പഴം ഭുജിച്ചശേഷം, ദൂരെ വലിച്ചെറിഞ്ഞ ഒരു മാങ്ങയണ്ടി താനെ മുളച്ച് 'ശൈശവദശാദുരിതങ്ങൾ' തരണംചെയ്ത്, ലോകോപകാരപ്രദമായ വിധത്തിൽ ജീവിക്കുന്ന ഒരു കഥയാണ് ഈ ഖണ്ഡകാവ്യത്തിലെ പ്രമേയം. നാം പലപ്പോഴും നിസ്സാരമെന്ന് കരുതുന്ന വസ്തുക്കളും സംഭവങ്ങളും ഭാവനാസമ്പന്നന്മാരായ കവികളുടെ കൈയിൽ അനശ്വരമായ ഒന്നായി പരിണമിച്ചേക്കും. അതിന്നെത്രയൊ ഉദാഹരണങ്ങൾ നമ്മുടെ സാഹിത്യത്തിലുണ്ട്. കൊഴിഞ്ഞുവീണ ഒരു പുഷ്പം കുമാരനാശാന്റെ കവിതാമാകുന്ന മൂശയിൽ എന്തായിത്തീർന്നെന്നു നോക്കുക. 'ശ്രീ'യുടെ ഒരുത്തമ കലാസൃഷ്ടിയായ മാമ്പഴമെന്ന കവിതയിലെ സംഭവം എത്ര തുച്ഛമല്ല! വരുന്നവർക്കൊക്കെ തണലേകിയും വിശന്നവർക്ക് മധുരഫലങ്ങൾ നല്കിയും നിസ്വാർത്ഥവും പരോപകാരപ്രദവുമായ ഒരു ജീവിതത്തെയാണ് വഴിവക്കത്തെ മാവിൽ വെള്ളായ്ക്കൽ ദർശിക്കുന്നത്. യൌവനദശയിൽ ഒരു മുല്ലവള്ളിയെ പരിഗ്രഹിക്കുകയും എല്ലാവർക്കും ഒരാതിഥേയനായി വർത്തിക്കുകയും ചെയ്യുന്ന ആ വഴിവക്കത്തെ മാവ് ഭാരതീയാദർശത്തിൽ അടിയുറച്ച വിശ്വാസത്തോടുകൂടി ജീവിക്കുന്ന ഒരു ഗൃഹസ്ഥന്റെ പ്രതീകമാണെന്ന് പറയാം. തുച്ഛമാണെന്നു നാം വിചാരിക്കുന്ന അതിന്റെ ജീവിതം എത്ര മഹത്തരമല്ല! "ഈയാർഷഭാരതത്തിന്റെ പരിപാവനമായ ധർമ്മതത്വ"ത്തെയാണത് വിളംബരം ചെയ്യുന്നതു എന്നു കവിതന്നെ പറയുന്നു.

വർണ്ണനകളിലും അലങ്കാരപ്രയോഗങ്ങളിലും വെള്ളായ്ക്കൽ തികഞ്ഞ ഔചിത്യം ദീക്ഷിച്ചിട്ടുണ്ട്. രചനാശില്പത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം വള്ളത്തോളിന്റെ തറവാട്ടിലാണ് ജനിച്ചതെന്നു തോന്നും. മടുപ്പുകൂടാതെ വായിച്ചുതീർക്കാവുന്ന ഒരു ഖണ്ഡകാവ്യമാണ് ഇതെന്നു പറയുന്നതിൽ ഞാൻ അധൈര്യപ്പെടുന്നില്ല. കാലികപ്രശ്നങ്ങളും സമരവീര്യവും ഉള്ള കവിതയെ കവിതയാകൂ എന്ന ശാഠ്യം ഉള്ളവർ ഈ കൃതിയെ സമീപിക്കേണ്ട ആവശ്യമില്ല. വെള്ളായ്ക്കലിന്ന് കവനകല ഒരു സമരോപകരണമല്ല; വിനോദോപകരണമാണ്.

വടക്കേടത്ത്.

---

## കൈപ്പററി.

"കല്ലോത്സവം" (കവിതാസമാഹാരം)
ഗ്രന്ഥകർത്താ: ബാലകൃഷ്ണപ്പണിയ്ക്കർ, ചുണ്ടൽ.

"മഹാകവിവള്ളത്തോളും; അഭിജ്ഞാനശാകുന്തളവും"
ഗ്രന്ഥകർത്താ: ചങ്കരങ്കമരത്ത് ശങ്കരൻ.
സിദ്ധാർത്ഥ ബുക്ക്ഹൌസ്, തൃശ്ശൂർ.

"പ്രവാഹം" ആഴ്ചപ്പതിപ്പ്
പത്രാധിപർ ബി. സി. വർഗ്ഗീസ്, തൃശ്ശൂർ.


ദശമൂലാരിഷ്ടം.
ഒന്നാംതരം കസ്തൂരി ചേർത്തു
24 ഔ കുപ്പി 1-ക്ക് 2—8—0

ദ്രാക്ഷാരിഷ്ടം.
24 ഔ കുപ്പി 1-ക്ക് 2—4—0

ലോഹാസവം.
24 ഔ കുപ്പി 1-ക്ക് 2—4—0

ച്യവനപ്രാശം.
റാത്തൽ 1-ക്ക് 3—0—0

മുസ്താരിഷ്ടം.
24 ഔ കുപ്പി 1-ക്ക് 2—0—0

മറെറല്ലാതരം ആയുർവ്വേദ മരുന്നുകളും വില്പനക്കുണ്ട്.

വില്പനക്ക് ഏജണ്ടുമാരെ ആവശ്യമുണ്ട്.

**സുധാകര ഫാർമസി,**
വടക്കെച്ചിറ റോഡ്,
തൃശ്ശിവപേരൂർ.

# ജ്യോതിശ്ശാസ്ത്രവും ജ്യോതിഷവും

## —വിദ്വാൻ കെ. പ്രകാശം—

യുക്തിവാദിയുടെ പത്രാധിപർ എടവം ലക്കത്തിൽ എൻെറ ലേഖനത്തെ "പാമ്പിനെ പെറുമെന്നും പ്രമാണമുണ്ടു്" എന്ന കുറിപ്പിൽ നിശിതമായി ഖണ്ഡിച്ചെഴുതിയ ലേഖനം വളരെ സന്തോഷത്തോടുകൂടിയാണു് ഞാൻ വായിച്ചതു്. ജ്യോതിശ്ശാസ്ത്രവും ജ്യോതിഷശാസ്ത്രവും ഒന്നാണെന്നുള്ള തെററായ ധാരണയോടുകൂടിയാണു് പത്രാധിപർ ആ ഖണ്ഡനമെഴുതിയതെന്നു് എനിക്കു മനസ്സിലായി. ജ്യോതിസ്സുകളെ അടയാളം (Symbol) ആക്കി സ്വീകരിച്ചുകൊണ്ടു പ്രാചീന ജനങ്ങൾ ജീവിതാനുഭവങ്ങളിൽ നടത്തിയ പരീക്ഷണത്തിൻെറ ഫലമായി സിദ്ധിച്ചിട്ടുള്ള വിജ്ഞാനമാണു് ഹോരാശാസ്ത്രം. അതു് തെററോ ശരിയോ എന്നുള്ളതു് ജീവിതാനുഭവങ്ങളുമായി തട്ടിച്ചുനോക്കാതെ വെറും യുക്തിവാദംകൊണ്ടു് സമർത്ഥിക്കുവാൻ സാദ്ധ്യമല്ല. ശാസ്ത്രജ്ഞാനം ഇല്ലാത്ത സാധാരണ ജനങ്ങളെ വഞ്ചിക്കുവാൻ യുക്തിവാദിയുടെ ലേഖനങ്ങൾ പര്യാപ്തമായേക്കാം. "മനുഷ്യജീവി ഭൂമിയിൽ ആവിർഭവിക്കുന്നതിന്നു് കോടാനുകോടി വർഷങ്ങൾക്കുമുമ്പു് പ്രകൃതിശക്തികളാൽ രൂപവൽക്കരിക്കപ്പെട്ടവയാണു് ഗ്രഹനക്ഷത്രങ്ങളെന്നും അവയുടെ നിലക്കോ ചലനത്തിന്നോ മനുഷ്യവ്യക്തികളുടെ ഭാവി പ്രവചിക്കുന്നതിന്നുള്ള സാദ്ധ്യതപോലുമില്ലെന്നും ആധുനിക ജ്യോതിശ്ശാസ്ത്രലോകം ശാസ്ത്രീയമായി കണ്ടുപിടിച്ചിട്ടുള്ള വിവരം അശേഷം അറിയാതെയാണു് ഈ 'വിദ്വാൻ' പൊളിഞ്ഞ ഹോരാശാസ്ത്രത്തെ പ്രമാണമായി പിടികൂടിയിരിക്കുന്നതു്" എന്നു പത്രാധിപർ പറയുന്നു സാർ, അശേഷം അറിയാതെയല്ല നല്ലപോലെ അറിഞ്ഞിട്ടുതന്നെയാണു് ഈ വിദ്വാൻ ഹോരാശാസ്ത്രത്തെ പ്രമാണമാക്കി സ്വീകരിച്ചിട്ടുള്ളതു്. ഹോരാശാസ്ത്രവും ജ്യോതിശ്ശാസ്ത്രവുമായി ഗണിതംകൊണ്ടല്ലാതെ ഫലത്തെ സംബന്ധിച്ച യാതൊരു ബന്ധവുമില്ല അതു രണ്ടും ഒന്നല്ല. ഹോരാശാസ്ത്രത്തെ ഖണ്ഡിക്കേണമെങ്കിൽ ഹോരാശാസ്ത്രം പഠിച്ചറിഞ്ഞതിന്നുശേഷം പ്രമാണങ്ങൾ ശരിയാകുന്നുണ്ടോ ഇല്ലയോ എന്നു അനുഭവംകൊണ്ടു തട്ടിച്ചുനോക്കിയിട്ടുവേണം. അതിന്നു തയ്യാറില്ലാതെ ജ്യോതിഷം മൂഢവിശ്വാസമാണെന്നു പല പ്രാവശ്യം ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞതുകൊണ്ടോ ആധുനികശാസ്ത്രം പ്രമാണമാക്കിയതുകൊണ്ടോ ഹോരയെ പൊളിക്കുവാൻ സാധിക്കയില്ല ഹോരയിൽ 'അക്ഷരാർത്ഥ'ത്തിൽ ശരിയാകേണ്ട കാര്യങ്ങളും അല്ലാത്തവയുമുണ്ടു്. അവകു് യുക്തിവാദിയുടെ വ്യാഖ്യാനമോ ഉപദേശമോ കൂടാതെതന്നെ ഞങ്ങൾ അതു ഗ്രഹിക്കുകയും ചെയ്തിട്ടുണ്ടു്. സംസ്കൃതഭാഷയിൽ കാണുന്ന ശ്ലോകങ്ങളൊക്കെ പ്രമാണമായി സ്വീകരിക്കുന്ന മൂഢന്മാരായ പണ്ഡിതന്മാരിൽപ്പെട്ട ഒരാളാണു് **പ്രകാശം എന്നു** ശ്രീ. എം. സി. വിചാരിക്കുന്നുണ്ടെങ്കിൽ ആ വിശ്വാസം മാറേറണ്ട കാലം അതിക്രമിച്ചിരിക്കുന്നു. "പ്രാകൃതമനുഷ്യൻെറ വിശൃംഖലമായ ഭാവന ഉന്മാദചിത്തൻേറതുപോലെ പാഞ്ഞുകയറുകയും ബഹുദൂരം പോവുകയും ചെയ്തിട്ടുണ്ടു്. ഭൂമി ഇളകാത്തതും പരന്നതും ഒരു ഭീമകായൻ തലയിൽ ചുമന്നുനില്ക്കുന്നതും മററുമാണെന്നു നല്ല പഴയ പ്രമാണങ്ങൾ ഉണ്ടു്." ഇക്കാലത്തു് അവയെ പ്രമാണമായി കണക്കാക്കി വാദിക്കുന്നവർ വല്ലവരുമുണ്ടെങ്കിൽ തീച്ചയായും അവർ മൂഢന്മാരോ ഭ്രാന്തന്മാരോ ആയിരിക്കും. അത്തരത്തിലുള്ള പ്രമാണമാണു് ഹോര എന്നു് പത്രാധിപർ വിശ്വസിക്കുന്നുണ്ടെങ്കിൽ അദ്ദേറം ഒരു ബ്രഹ്മാണ്ഡമണ്ടനാണെന്നേ ജ്യോതിഷപണ്ഡിതന്മാർ അദ്ദേഹത്തെക്കുറിച്ചു വിചാരിക്കയുള്ളു.

ലോകത്തിൽ ഓരോരുത്തരും ഓരോ സമയത്തിൽ പിറന്നവരാണു്. ഓരോരുത്തക്കും ജീവിതാനുഭവങ്ങൾ ഓരോന്നാണു്; എല്ലാം പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു. അവയെ ജ്യോതിഷംകൊണ്ടു വിശകലനം ചെയ്യുവാനും ഭാഗ്യനിർഭാഗ്യാദികളെ കണ്ടറിയുവാനുമുള്ള കഴിവു് ജ്യോതിഷത്തിന്നുണ്ടു്. അതു് ഒരു ഭൗതികശാസ്ത്രമല്ല. ഭൗതികശാസ്ത്രംകൊണ്ടു് അതിനെ അളക്കുവാൻ സാധിക്കയുമില്ല. യുക്തിവാദിയുടെ ലേഖനം വായിച്ചുനോക്കിയപ്പോൾ "അഞ്ജനമെന്നതു ഞാനറിയും മഞ്ഞളുപോലെ വെളുത്തിരിക്കും" എന്നു പറഞ്ഞതുപോലെ പരിഹാസ്യമായിരിക്കുന്നു. യുക്തിവാദത്തിൽ അഖിലേന്ത്യാപ്രശസ്തി നേടിയ യുക്തിവാദി പത്രാധിപരെ ജ്യോതിഷം പഠിപ്പിക്കണമെന്നോ ജ്യോതിഷ വിശ്വാസിയാക്കിത്തീക്കണമെ

ന്നോ എനിക്കാഗ്രഹമില്ല. അതു പഠിക്കുവാനുള്ള സാദ്ധ്യതയോ സന്ദർഭമോ ഈ വൈകിയ കാലത്ത് അദ്ദേഹത്തിനു ഉണ്ടാകുമെന്നുള്ള വിശ്വാസവും എനിക്കില്ല. ഒന്നുമാത്രമേ എനിക്ക് അദ്ദേഹത്തോട് അപേക്ഷയുള്ളൂ. തനിക്കു അറിയാൻ സാധിക്കാത്തതും അറിഞ്ഞിട്ടില്ലാത്തതുമായ വിഷയത്തെക്കുറിച്ചു ഗംഭീരമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ച് സർവ്വജ്ഞനാണെന്നു ഞെളിയരുതെന്നു മാത്രം. അത് കുരുടൻ കുരുടനെ വഴികാണിക്കുന്നതുപോലെ അപകടമായിരിക്കും. ഗ്രഹങ്ങളുടെ വെളിച്ചവും ആകർഷണശക്തിയും കാററും വെയിലും മററു പ്രകൃതിശക്തികളും ഭൂമുഖത്തിൽ പല മാററവും വരുത്തുന്നുണ്ട്. അവ നക്ഷത്രഭേദംകൂടാതെ, ലഗ്നവ്യത്യാസമില്ലാതെ ജനസമുദായത്തെ ബാധിക്കുന്നതാണ്. അങ്ങിനെ ഭൗമപ്രകൃതിയെ പ്രമാണമാക്കിവെച്ചിട്ടാണ് യുക്തിവാദിയുടെ വാദം. പ്രകൃതിശക്തിയുടേയും മനുഷ്യശക്തിയുടേയും ഇടക്ക് കർമ്മത്തേയോ മറെറന്ത് ശക്തിയേയോ അടിസ്ഥാനമാക്കി ധർമ്മാസ്പദമായ കർമ്മഫല ദാതാവായി ഒരു അജ്ഞാതശക്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിനെ കാണുവാൻ ശ്രമിക്കുന്ന മനുഷ്യൻ സ്വീകരിച്ചിട്ടുള്ള ഒരു ടെലസ്കോപ്പാണ് ജ്യോതിഷം. അത് നോക്കുവാൻ കുറച്ച് പഠിക്കേണ്ടതുണ്ട്. സാധാരണ ടെലസ്കോപ്പ് നോക്കുവാൻ പഠിച്ചവനു് ഈ ഉപകരണവും സ്വാധീനമാണെന്നു വിചാരിക്കുന്നതു് മൂഢതയാണ്.

ചതുർമ്മുഖനോ ത്രിനേത്രനോ താടിവളർത്തിയവനോ ആയ ദൈവം ഇല്ലെന്നു ശ്രീ. എം. സി. വാദിച്ചുകൊള്ളട്ടെ, സ്വർഗ്ഗനരകങ്ങളില്ലെന്നു വാദിച്ചുകൊള്ളട്ടെ അതൊക്കെ ഞാൻ കേൾക്കാം. അതിനോടൊന്നും ഞാൻ എതിർക്കുന്നില്ല. എന്നാൽ ജ്യോതിഷം മൂഢവിശ്വാസമാണെന്നു പറഞ്ഞാൽ ഞാൻ സമ്മതിക്കയില്ല. കാരണം എനിക്ക് അതിൽ തെളിവും വിശ്വാസവുമുണ്ട്. ആകാശത്തിലെ ജ്യോതിസ്സുകൾ ഓരോരുത്തരിൽ ഓരോ വിധത്തിൽ രശ്മിയാലോ ആകർഷണത്താലോ പ്രചോദനം നൽകി പ്രവർത്തിപ്പിക്കുന്നു എന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കുന്നില്ല. യുക്തിവാദിയും വിശ്വസിക്കുന്നില്ലല്ലോ. പിന്നെ ഹോരയിൽ പറഞ്ഞിട്ടുള്ളതിന്റെ സാരമെന്താണ്? ഓരോ ഗ്രഹത്തേയും പ്രതിനിധീകരിക്കുന്ന ഓരോ കാലഘട്ടങ്ങൾ വർഷങ്ങളായോ മാസങ്ങളായോ നാഴികകളായോ ജീവിതത്തിൽ ഉണ്ട്. ഗ്രഹസഞ്ചാരങ്ങളിലെ കാലഘട്ടവും ജാതകവും പ്രമാണമാക്കി ഉച്ചനീചാദി സ്ഥാനഭേദവും ലഗ്നത്തിൽനിന്നുള്ള സ്ഥിതിവിശേഷങ്ങളും അംശകാദികളും ഗണിച്ച് നിർണ്ണയിച്ച് അവയെ കണ്ടെത്തുന്നതിനും ഏതുവിധത്തിൽ പ്രവർത്തിക്കുമെന്നറിയുന്നതിനും ഹോരയും മററും സഹായിക്കുന്നു. ഓരോരുത്തരിലും ആ കാലഘട്ടങ്ങൾ ഒരേസമയത്തല്ല. ഒരുവനിൽ സൂര്യദശയാണെങ്കിൽ മറെറാരുത്തനിൽ ബുധദശയായിരിക്കും. അതുകൊണ്ട് ജീവിതത്തിലെ അനുഭവവും വ്യത്യാസപ്പെട്ടിരിക്കും. ആകാശത്തിൽ നിൽക്കുന്ന ഗ്രഹങ്ങളുടെ ഭൗതികപ്രവർത്തനമാണെങ്കിൽ ഓരോരുത്തന്റേയും ഫലങ്ങൾക്ക് ഐക്യരൂപം ഉണ്ടാകേണ്ടതാണല്ലോ. അതുകൊണ്ട് ഭൗതികമായി ഗ്രഹങ്ങളുടെ പ്രവർത്തനഫലമല്ല അതിനു കാരണം എന്നു തെളിയുന്നു. അതിൽ യുക്തിവാദിയും ഞാനും ഒരേ അഭിപ്രായക്കാരാണ്. എന്നാൽ ഭൗതികമല്ലാതെ മറെറാന്നുണ്ട് എന്നു യുക്തിവാദി വിശ്വസിക്കുന്നില്ല ഞാൻ വിശ്വസിക്കുന്നു. ആ മറെറാന്ന് എന്താണെന്നുള്ളത് ഓരോരുത്തന്റേയും വിശ്വാസത്തിലാണ് ഇരിക്കുന്നത്.

ജ്യോതിഷം എന്നാൽ എന്താണെന്നു് ഒന്നുകൂടി വ്യക്തമാക്കാം. നാം ഹസ്തരേഖയെക്കുറിച്ചു ചിന്തിക്കാറുണ്ടല്ലോ. കൈകളിലെ രേഖ കൈമടക്കുമ്പോൾ ഉണ്ടാകുന്ന ചുളിവു രേഖയായിത്തീരുന്നതാണ് അത് ഓരോരുത്തരിലും ഓരോ വിധത്തിലാണ്. അതിനെക്കുറിച്ചും ശാസ്ത്രമുണ്ട്. അതും ചിരകാലത്തെ പരീക്ഷണത്തിൽനിന്നു ജന്മമെടുത്തതാണ്. ഓരോ രേഖയുടേയും ഭാവിഫലം ഇന്നതാണെന്നു് ശാസ്ത്രം നിർവ്വചിക്കുന്നു. ഈ രേഖകളാണ് ഓരോ ഫലത്തെയുണ്ടാക്കുന്നതെന്നുപറഞ്ഞാൽ അതിന്റെ 'അക്ഷരാർത്ഥത്തി'ൽ യുക്തിവാദി എന്തു പറയും? നിങ്ങൾ രണ്ടു വിവാഹം കഴിക്കും. നിങ്ങൾക്ക് ഇന്ന കാലത്തു ഇന്ന അനുഭവമുണ്ടാകും. അത് ഇന്ന രേഖയാണ് ഉണ്ടാക്കിത്തരുന്നത് എന്നൊക്കെപ്പറഞ്ഞാൽ യുക്തിവാദി പരിഹസിക്കും? കയ്യിലെ രേഖക്ക് എന്തു കഴിവാണുള്ളത് കല്യാണം കഴിപ്പിക്കുവാനും ഷോടതി ലഭിപ്പിക്കുവാനും കൊല്ലാനും? രേഖ ഒരു അടയാളമാണെന്നോക്കണം. അതിന്റെ ദശാകാലത്ത് മുൻപറഞ്ഞവ സംഭവിക്കുന്നു എന്നു മാത്രം. അതുപോലെയാണ് നവഗ്രഹങ്ങളെ അടയാളമാക്കി സങ്കല്പിച്ച് ലഗ്നം നോക്കിയും ഗ്രഹസഞ്ചാരം ഗണിച്ചും ഫലം പറയുന്നത്. ഇവയെല്ലാം അബദ്ധമാണെന്നു പറയുവാൻ വിഷമമില്ല. യുക്തിവാദി ജ്യോതിഷത്തെക്കുറിച്ച് ഉപന്യസിക്കുന്നതു കാണുമ്പോൾ ഇംഗ്ലീഷിലുള്ള ഒരു പഴഞ്ചൊല്ല് ഓർമ്മവരുന്നു. "മഹാന്മാർ കാലു് കുത്താൻ ഭയപ്പെടുന്ന സ്ഥലത്ത് വിഡ്ഢികൾ തിക്കിത്തിരക്കിക്കൂട്ടുന്നു."

# Mahakavi Vallathol Narayana Menon.

A. V. S. PANIKKER.

Sree Vallathol Narayana Menon is familiar to all of us as "The Great Malayalam Poet." On account of his outstanding literary qualities he reigns supreme in the world of malayalam literature.

The poet was born on the 1st Thulam 1054 in the Vallathol Family at his residence at "Channara" in Ponnani Taluk. His mother, Parvathy Amma was avery pious and kind hearted woman. His father Sri. Damodaran Elayad of Kaduthothu Mallissary was a famous writer of humourous poems, a thinker and also a novelist. He was a good witty speaker in Malayalam and Sanskrit languages. The noble charector of the parents reflected to a great extent throughout the whole life of Mahakavi. Out of their eleven issues the parents could have only three the and youngest of them is our poet. From the day of this child's birth the parents loved the youngest child better than the other children, because he seemed to be unhealthy both bodily and mentally.

